# 2022 - 23
# സാമ്പത്തിക വർഷത്തിൽ
# ഒരു ലക്ഷം സംരംഭങ്ങൾ
# ആരംഭിക്കുന്നതിനുള്ള ക്യാമ്പയിന്റെ
# ഭാഗമായി തയ്യാറാക്കിയ

# കൈപ്പുസ്തകം

## വ്യവസായ വാണിജ്യ വകുപ്പ്
## കേരള സർക്കാർ

**Printed & Published by**
Directorate of Industries & Commerce
Vikasbhavan, Thiruvananthapuram-695033

**Printed on**
March 2022



കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം. 222/പ്രസ്/സി.എം.ഒ/22. 12 ഏപ്രിൽ, 2022

## സന്ദേശം

സമാനതകളില്ലാത്ത വികസന പാതയിലൂടെയാണ് കേരളം ഇപ്പോൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി വിവിധ ജീവിതസൂചികകളിൽ ദേശീയതലത്തിൽ ഒന്നാമതെത്തിയ നമ്മുടെ കൊച്ചുസംസ്ഥാനം ഇൻഫർമേഷൻ ടെക്നോളജിയിലും വലിയ മുന്നേറ്റമാണ് നടത്തിവരുന്നത്.

വ്യാവസായിക മേഖലയുടെ പ്രോത്സാഹനത്തിനായി വലിയ ഇടപെടലാണ് സർക്കാർ നടത്തിവരുന്നത്. 'എന്റെ സംരംഭം നാടിന്റെ അഭിമാനം' എന്ന മുദ്രാവാക്യമുയർത്തി 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി 'നിങ്ങൾക്കും സംരംഭകരാകാം' എന്ന പേരിൽ വ്യവസായ വകുപ്പ് പ്രസിദ്ധീകരിക്കുന്ന കൈപുസ്തകം സംരംഭകർക്ക് ഏറെ ഉപകാരപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in




**പി. രാജീവ്**
നിയമം-വ്യവസായം-കയർ
വകുപ്പ് മന്ത്രി
കേരള സർക്കാർ


തിരുവനന്തപുരം
തീയതി 12.04.2022

## സന്ദേശം

വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള കേരളത്തിന്റെ വികാസത്തിന് അടിസ്ഥാനമൊരുക്കുന്നതും നാളിതുവരെയുള്ള വ്യാവസായിക വളർച്ചയിൽ ഗുണപരമായ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതുമായ ഒരു പദ്ധതിക്കാണ് സംരംഭക വർഷത്തിലൂടെ വ്യവസായ വകുപ്പ് രൂപം നൽകിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിച്ചുകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ സവിശേഷതകൾക്കനുസൃതമായി മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ കഴിയുന്ന ഉൽപാദന മേഖലകളിൽ നമുക്ക് ഒന്നാമതെത്തിയേ മതിയാവൂ. ഇതിലേയ്ക്കുള്ള വഴികളാണ് നിങ്ങൾക്കും സംരംഭകരാകാം എന്ന കൈപുസ്തകം വിശദമാക്കുന്നത്. നമ്മുടെ വ്യവസായിക അന്തരീക്ഷത്തെപ്പറ്റി ഗവേഷണ ബുദ്ധിയോടുകൂടി നിരീക്ഷിക്കുകയും, അതിലൂടെ ലഭിച്ച വിവരങ്ങളെ വളരെ ശാസ്ത്രീയമായി തരംതിരിക്കുകയും വ്യക്തമായതും വ്യത്യസ്ഥമായതുമായ തലക്കെട്ടുകൾക്കു താഴെയായി അവയെ ക്രോഡീകരിക്കുകയുമാണ് ഈ പുസ്തകത്തിലൂടെ ചെയ്തിട്ടുള്ളത്.

നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും സംരംഭകങ്ങൾ വേണം. ഇതിന് സംരംഭകത്വം പ്രോത്സാഹിപ്പിക്കണം. സംരംഭകരെ കൈപിടിച്ചുയർത്തണം. ഇക്കാര്യങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വളരെ ശ്രദ്ധയോടുകൂടി ലളിതമായി ഈ കൈപുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒരു സംരംഭകന് സമ്പൂർണ്ണ സംതൃപ്തി നൽകാൻ ഈ കൈപുസ്തകത്തിന് കഴിയുമെന്നുറപ്പാണ്.

പി. രാജീവ്


ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് സാൻഡ്‌വിച്ച് ബ്ലോക്ക്, മൂന്നാം നില, റൂം നമ്പർ-301
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
വസതി : "ഉഷസ്സ്", നന്തൻകോട്, തിരുവനന്തപുരം-695 003
ഫോൺ (ഓ.) : 0471-2336866, 2336966 മൊബൈൽ : 9400077333
ഇ-മെയിൽ : min.ind@kerala.gov.in, min.law@kerala.gov.in



സുമൻ ബില്ല ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായ വകുപ്പ്

# സന്ദേശം

സംസ്ഥാനത്തെ ബിസിനസ് സൗഹാർദ്ദപരമായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകർക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനും കേരള സർക്കാർ മാതൃകാരപമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ കേരളത്തിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പലവിധ ഓഫീസുകൾ കയറിയിറങ്ങാതെ ഏകീകൃത പ്ലാറ്റ്ഫോം ആയ കെ-സ്വിഫ്റ്റ് വഴി വിവിധ വകുപ്പുകളുടെ അനുമതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും അനുമതികൾ ലഭ്യമാക്കാനും കഴിയുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സംരംഭ സൗഹൃദ നടപടികൾ മെച്ചപ്പെടുത്തുന്നതിനായി സംരംഭകരും സർക്കാരും തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തുന്നതിനായി 1800 890 1030 എന്ന ടോൾ ഫ്രീ കാൾ സേവനവും സജ്ജീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലഷ്യത്തോടെ വ്യവസായ വകുപ്പ് മുന്നോട്ട് പോവുകയാണ്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പ് തയ്യാറാക്കിയിരിക്കുന്നതാണ് ഈ കൈപ്പുസ്തകം

"നിങ്ങൾക്കും സംരംഭകരാകാം" എന്ന കൈപ്പുസ്തകം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ, സാക്ഷാത്ക്കരിയ്ക്കപ്പെടാത്ത ആശയങ്ങൾ മനസ്സിൽ സൂക്ഷിയ്ക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന ഒരു പ്രസിദ്ധീകരണമാണ് എന്ന് ആദ്യമേ പറയട്ടെ. വ്യവസായ സംരംഭകർക്ക് വളരെ നല്ല ഒരു അന്തരീക്ഷമാണ് സംസ്ഥാനത്തിപ്പോൾ ഉള്ളത്. ഒരു സംരംഭകന് പുതിയൊരു പ്രസ്ഥാനത്തിലേക്ക് വലതുകാൽ വെച്ചിറങ്ങാൻ എന്തൊക്കെ അനിവാര്യമാണോ അവയൊക്കെ ഒരു കുടക്കീഴിൽ ഒതുക്കാൻ സംസ്ഥാന വ്യവസായ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. പ്രഥമാപേക്ഷ മുതൽ വിപണന സംവിധാനങ്ങൾ വരെയുള്ള

സേവനങ്ങൾ ഓരോ സംരംഭകനും പ്രദാനം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സംരംഭക അന്തരീക്ഷത്തെപ്പറ്റി വ്യക്തമായി നിരീക്ഷിക്കുകയും അതിലൂടെ ലഭിച്ച വിവരങ്ങളെ വളരെ ശാസ്ത്രീയമായി തരംതിരിക്കുകയും വ്യക്തമായതും വ്യത്യസ്ഥമായതുമായ തലക്കെട്ടുകൾക്കു താഴെയായി അവയെ ക്രോഡീകരിയ്ക്കുകയുമാണ് ഈ പുസ്തകത്തിലൂടെ നിർവ്വഹിച്ചിട്ടുള്ളത്. ഇതൊരു വലിയ നേട്ടമാണ്.

സംസ്ഥാനത്തിന്റെ വികസിതമായ സമ്പദ് വ്യവസ്ഥയ്ക്ക് ഏറെ സംരംഭങ്ങൾ ഉയർന്നു വരണം അതിന് സംരംഭകത്വം വളർത്തിയെടുക്കണം, സംരംഭകരെ പ്രോത്സാഹിപ്പിയ്ക്കണം. ഈ മഹത്തായ ലക്ഷ്യമാണ് ഇത്തരമൊരു പുസ്തകരചനയിലേക്കു നയിച്ചത്. പതിനാലു ജില്ലകളിലെയും വ്യവസായ വാണിജ്യ വകുപ്പിലെ വിദഗ്ധർ ഈ സദ്സംരംഭത്തിന്റെ പിന്നിൽ പണിയെടുത്തിട്ടുണ്ട്. അവർ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. ഉപഭോക്തൃ കേരളം വ്യവസായ കേരളമായും ഉല്പാദകരുടെ "ഹബ്ബ് " ആയും മാറുവാൻ ഈ ഒരു പുസ്തകം ഒരു നിമിത്തമായി മാറട്ടെ. ആശംസകൾ.



ശ്രീ. എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ്
പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)

## സന്ദേശം

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും സംരംഭകരെ കണ്ടെത്തുന്നതിൽ ജനപ്രതിനിധികൾക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. ഈയൊരു ലക്ഷ്യത്തോടെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വ്യവസായ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടി നടത്തി വരുന്നു. ഇതുവഴി കണ്ടെത്തുന്ന സംരംഭകർക്കു സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നല്കുറോന്നതിനായി ടെക്നോളജി മാനേജ്മെന്റ്റ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ മുതലായവ സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ  ഇനംപരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ  ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നല്കുന്നതിലുപരി

സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നല്കുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിൻറെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നല്കിയും, വ്യവസായം തുടങ്ങാന് ആവശ്യമായ അനുമതികൾ സമയബന്ധിതമായി നല്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു.

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക മുതലായ വകുപ്പുകളുടെ സംയോജനത്തോടെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ കർമ്മ പദ്ധതികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കുന്ന "നിങ്ങൾക്കും സംരംഭകരാകാം" എന്ന ഈ കൈപ്പുസ്തകം സംസ്ഥാനത്തെ പുതിയ സംരംഭകർക്ക് തികച്ചും പ്രയോജനപ്പെടുന്ന ഒരു പ്രസിദ്ധീകരണമാണ്. സംരംഭകരെ പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിരിക്കുന്ന ഈ കൈപ്പുസ്തകത്തിന്റെ രചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നതോടൊപ്പം സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടു വരുന്ന സംരംഭകർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.



എസ്. ഹരികിഷോർ ഐ.എ.എസ്
ഡയറക്ടർ
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

# സന്ദേശം

പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള പ്രയാണത്തിലാണ് കേരളാ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗക്ഷമത ഉറപ്പു വരുത്തുകയും ചെയ്തു കൊണ്ട് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിലൂന്നിയാണ് വ്യവസായ വകുപ്പ് പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സംരംഭ സഹായ പദ്ധതി (ESS), കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization ഓഫ് Micro Food Processing Enterprises), മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയവയെല്ലാം തന്നെ ഈ ലക്ഷ്യം നിറവേറ്റുന്നതിനുള്ളവയാണ്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാഅടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെൻറിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി എസ ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ

നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം. എസ്. എം. ഇ ക്ലിനിക്കുകൾ എന്ന സംവിധാനം ആരംഭച്ചിട്ടുണ്ട്. ഇതിനായി ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച തും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്തരുടെ ഒരു പാനൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സം രംഭകരെ സംശയം ദുരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സംശയദുരീകരണത്തിനും ജില്ലാ വ്യ വസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളിലും റിസോഴ്സ് പേഴ്സണെ നിയമിച്ചു കൊണ്ട് MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാ റ്റുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2022-23 സാമ്പ ത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സംസ്ഥാന ത്ത് ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 1155 ഇന്റേ ണുകളെ നിയമിക്കുന്നതാണ്. കൂടാതെ സംരംഭം ആരംഭിക്കുന്നവർ ക്ക് കേരളാ ബാങ്ക് വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കു ന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിക്കുന്നതാണ്.

സംരംഭകത്വത്തിലൂന്നി സമ്പദ് വ്യവസ്ഥയുടെ വളർച്ച എന്ന ലക്ഷ്യ ത്തോടെ മുന്നോട്ടുള്ള പ്രയാണത്തിലാണ് സംസ്ഥാന വ്യവസായ വകുപ്പ്. ആയതിലേക്കുള്ള ഒരു കാൽവയ്പ്പായി വേണം "നിങ്ങ ൾക്കും സംരംഭകരാകാം" എന്ന ഈ കൈപ്പുസ്തകത്തെ കാണുവാൻ. ത്വരിതഗതിയിലുള്ള വ്യവസായ വികസനമാണ് സംസ്ഥാനത്തിന് ആവശ്യം. ദേശീയ വരുമാനത്തിലും പ്രതിശീർഷ വരുമാനത്തിലുമു ള്ള വളർച്ചയാണല്ലോ വികസത്തിന്റെ സൂചികകളിൽ പ്രഥമ സ്ഥാന ത്തു നിൽക്കുന്നത്. വ്യക്തിഗത വരുമാനം വർദ്ധിച്ചാൽ മാത്രമേ സാ മൂഹ്യവരുമാനം ഉയരുകയുള്ളൂ. ഇതിലൂടെ ഉപഭോഗം വർദ്ധിക്കും.

കൂടുതൽ പണം വിപണിയിലെത്തുമ്പോൾ അതു ഉൽപ്പാദന പ്രക്രിയയുടെ ഗതിയും വേഗത്തിലാക്കും ഇതിലൂടെ ദേശീയ വരുമാനവും ഉയരും ധനതത്വശാസ്ത്രത്തിലെ ഈ പാഠങ്ങൾക്കൊപ്പം സംരംഭത്വ വികസനം ലക്ഷമാക്കിയാണ് നാം നീങ്ങുന്നത് ഇതിനൊരു വഴികാട്ടിയാണ് ഈ കൈപ്പുസ്തകം.

വളരെ ആഴത്തിൽ പഠിച്ച ശേഷം തയ്യാറാക്കപ്പെട്ട ഒരു പുസ്തകമായി വേണം ഇതിനെ  കാണാൻ. വ്യവസായ വികസനം ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പദ്ധതിളെപറ്റി ഈ കൈപ്പുസ്തകം വായനക്കാർക്ക് അവബോധം ഉണ്ടാക്കുന്നു. ഈ പുസ്തകത്തിന്റെ അവതരണശൈലി ഏറെ ആകർഷണീയമാണ്. വളരെ ലളിതമായ തയ്യാറാക്കപ്പെട്ട ഈ പുസ്തകം നാളത്തെ വ്യവസായ കുതിപ്പിന് ചാലകശക്തിയായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈയൊരു സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച ഊർജ്ജ സ്വലരുടെ ടീമിനെ അഭിനന്ദിയ്ക്കുന്നു. ഒപ്പം ആശംസകളും നേരുന്നു.

# ഉള്ളടക്കം


| ക്രമ നം. | ഭാഗങ്ങൾ | പേജ് നം. |
|---|---|---|
| I | ആമുഖം | 19 |
| II | ജില്ലയിലെ സംരംഭക സാധ്യതാ മേഖലകൾ | 25 |
| III | ലൈസൻസ്/അനുമതികൾക്കുള്ള നടപടിക്രമങ്ങൾ | 29 |
| IV | ലൈസൻസുമായി ബന്ധപ്പെട്ടു സംരംഭകർക്ക് ഉണ്ടാകാവുന്ന സംശയങ്ങൾ | 42 |
| V | വിവിധ വകുപ്പുകൾ/ ഏജൻസികൾ വഴിയുള്ള പദ്ധതികൾ | 45 |
| VI | നിങ്ങളുടെ സംരംഭത്തിനു അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള സൂചകം | 47 |
| VII | സംരംഭർക്കുള്ള പ്രധാനപ്പെട്ട സഹായ പദ്ധതികൾ | 49 |
| VIII | ബന്ധപ്പെടേണ്ട പ്രധാന ഫോൺ നമ്പറുകൾ | 73 |

| വിവിധ വകുപ്പുകൾ/ ഏജൻസികൾ വഴിയുള്ള പദ്ധതികൾ - ഉള്ളടക്കം | | | | |
|---|---|---|---|---|
| ക്രമ നം. | വകുപ്പ്/ ഏജൻസിയുടെ പേര് | പദ്ധതിയുടെ പേര് | പദ്ധതിയുടെ ക്രമ നം. | പേജ് നം. |
| 1 | വ്യവസായ വാണിജ്യ വകുപ്പ് | നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മാണി ഗ്രാന്റ് | 1 | 49 |
| | | പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) | 2 | 49 |
| | | സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്) | 3 | 50 |
| | | ആശ (ASHA- Assistant Scheme For Handicraft Artisans) | 4 | 51 |
| | | നാനോ സംരംഭങ്ങൾക്കുള്ള പലിശ സഹായ പദ്ധതി | 5 | 51 |
| | | പി.എം.എഫ്.എം.ഇ (PMFME-PM Formalization of Micro Food Processing Enterprises) | 6 | 51 |
| 2 | ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് (KVIB) | എന്റെ ഗ്രാമം പദ്ധതി | 7 | 52 |
| 3 | കുടുംബശ്രീ | റൂറൽ മൈക്രോ എന്റർപ്രൈസസ് | 8 | 52 |
| | | യുവശ്രീ | 9 | 52 |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | കെസ്രു (KESRU) | 10 | 53 |
| | | മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് | 11 | 53 |
| | | ശരണ്യ പദ്ധതി | 12 | 53 |
| | | കൈവല്യ പദ്ധതി | 13 | 53 |
| | | നവ ജീവൻ പദ്ധതി | 14 | 54 |

| | | | | |
|---|---|---|---|---|
| 5 | കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ | ദേശീയ പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെയും ദേശീയ ന്യുന പക്ഷ വികസന കോർപറേഷന്റെയും സഹായത്തോടെയുള്ള വായ്പാ പദ്ധതി | 15 | 54 |
| | | പ്രവർത്തന മൂലധന വായ്പ | 16 | 55 |
| | | ബിസിനസ് ഡവലപ്മെന്റ് ലോണ് | 17 | 55 |
| | | പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ്പ് വായ്പ | 18 | 55 |
| 6 | കേരള സംസ്ഥാന ന്യുന പക്ഷ വികസന കോർപ്പറേഷൻ | ന്യൂനപക്ഷങ്ങൾക്കുള്ള സ്വയം തൊഴിൽ വായ്പാ | 19 | 56 |
| | | ക്രെഡിറ്റ് ലൈൻ 1 | 20 | 56 |
| | | ക്രഡിറ്റ് ലൈൻ 2 | 21 | 56 |
| | | ബിസിനസ് ഡവലപ്മെൻറ് ലോൺ | 22 | 56 |
| 7 | നോർക്ക (NORKA-NON RESIDENT KERALITES AFFAIRS DEPARTMENT) | പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ. | 23 | 56 |
| 8 | പട്ടിക ജാതി വികസന വകുപ്പ് | സ്വയം തൊഴിൽ പദ്ധതി | 24 | 59 |
| 9 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ | സ്വയം തൊഴിൽ പദ്ധതി | 25 | 59 |
| | | സ്വയം തൊഴിലിനു വാഹനം വാങ്ങുന്ന പദ്ധതി | 26 | 59 |
| | | മൾട്ടി പർപ്പസ് യുണിറ്റ് ലോൺ | 27 | 60 |
| | | ലഘു വ്യവസായ യോജന | 28 | 60 |
| | | ലോൺ ഫോർ ട്രൈബൽ എന്റർപ്രണർ | 29 | 60 |
| | | ലോണ് ഫോർ സ്റ്റാർട്ട് അപ്പ് എന്റർപ്രണർ | 30 | 60 |

| | | | | |
|---|---|---|---|---|
| 10 | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) | ടേം ലോൺ | 31 | 60 |
| | | വർക്കിങ്ങ് ക്യാപ്പിറ്റൽ ലോൺ | 32 | 60 |
| | | മോഡേണൈസേഷൻ സ്കീം | 33 | 60 |
| | | ഷോർട്ട് ടേം ലോൺ | 34 | 61 |
| | | സ്റ്റാർട്ടപ്പ് ലോൺ | 35 | 61 |
| | | വ്യവസായ എസ്റ്റേറ്റ് സ്പെഷ്യൽ സ്കീം | 36 | 61 |
| | | Chief Ministers Entrepreneurship Development Programme (CMEDP) | 37 | 61 |
| 11 | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (KSIDC) | മുഖ്യ മന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി | 38 | 61 |
| | | വി മിഷൻ | 39 | 61 |
| | | സീഡ് ഫണ്ടിങ്ങ് | 40 | 61 |
| 12 | സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ(SIDBI) | യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം | 41 | 62 |
| 13 | കേരളാ സ്റ്റാർട്ടപ്പ് മിഷൻ | ഇന്നോവേഷൻ ഗ്രാന്റ് | 42 | 62 |
| | | സീഡ് ഫണ്ട് | 43 | 62 |
| 14 | വാണിജ്യ ബാങ്കുകൾ | സ്റ്റാൻഡ് അപ് ഇന്ത്യ | 44 | 62 |
| | | മുദ്ര ലോൺ | 45 | 62 |
| | | PM Street Vendor's AtmaNirbhar Nidhi (PM SVANidhi) | 46 | 62 |
| | | Deendayal Antyodaya Yojana-National Urban Livelihoods Mission (DAY NULM) | 47 | 63 |
| | | Agri-Clinics and Agri Business Centres' Scheme (ACABC) | 48 | 63 |
| | | Agriculture Marketing Infrastructure | 49 | 64 |
| | | Agriculture Infrastructure Fund | 50 | 64 |

| | | | | |
|---|---|---|---|---|
| 15 | Department for Promotion of Industry and Internal Trade (DPIIT) | സ്റ്റാർട്ട് അപ്പ് ഇന്ത്യ | 51 | 65 |
| 16 | KERALA BANK | കെ.ബി മിത്ര എം.എസ്. എം.ഇ ലോൺ | 52 | 65 |
| | | കെ.ബി സുവിധ എം.എസ്. എം.ഇലോൺ | 53 | 65 |
| 17 | നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ (എൻ.എസ്.ഐ .സി) | അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള ക്രെഡിറ്റ് ഫെസിലിറ്റി | 54 | 65 |
| 18 | വനിതാ വികസന കോര്പ്പ്റേഷൻ | സ്വയം സഹായ സംഘങ്ങൾ ക്കുള്ള മൈക്രോ ഫിനാൻസി ങ് പദ്ധതി | 55 | 65 |
| | | മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി | 56 | 65 |
| 19 | ക്ഷീര വികസന വകുപ്പ് | തീറ്റപ്പുൽ കൃഷിക്കുള്ള ധന സഹായം | 57 | 66 |
| | | കറവപ്പശു യുണിറ്റ് | 58 | 66 |
| | | കിടാരി വളര്ത്ത ൽ യുണിറ്റി ന ധനസഹായം | 59 | 66 |
| 20 | സംസ്ഥാനഹോർ ട്ടികൾച്ചർമിഷൻ | വിവിധവായ്പാബന്ധിതപദ്ധ തികൾ | 60 | 66 |
| 21 | മൃഗസംരക്ഷണ വകുപ്പ് | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 61 | 69 |
| 22 | ഫിഷറീസ് വകുപ്പ് | സംസ്ഥാന ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 62 | 70 |
| | | സൊസൈറ്റി ഫോർ അസി സ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 63 | 70 |

# ആമുഖം

ജീവിതം എന്നത് തെരഞ്ഞെടുപ്പുകളുടെ റിസൾട്ട് ആണ്. ഇന്ന് നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ് നാളെയുടെ നാളുകളിൽ നമ്മൾ എവിടെ ആയിരിക്കുമെന്ന് നിശ്ചയിക്കുന്നത്. മനുഷ്യർക്ക് പിറന്ന് വീണ കുടുംബമോ, മാതാ പിതാക്കളെയോ സ്വന്തം പേരോ പോലും സ്വന്തമായി തെരഞ്ഞെടുക്കുവാൻ അവകാശമില്ലാത്ത ഈ ലോകത്ത് പക്ഷേ സ്വന്തം കരിയർ സ്വന്തമായി തെരഞ്ഞെടുക്കുവാൻ കഴിയും. കേരളത്തിൽ ഭൂരിഭാഗവും ഈ കരിയർ ഏതെങ്കിലുമൊരു ജോലിയാവണമെന്നാഗ്രഹിക്കുമ്പോൾ ചിലരാവട്ടെ അതൊരു സംരംഭമാവണം എന്നാഗ്രഹിക്കുന്നു. സ്വന്തമായി സ്ഥിര വരുമാനമുള്ള ഒരു ജോലിയെന്ന പരമ്പരാഗത കരിയർ സ്വപ്നങ്ങളിൽ നിന്നും ഇന്ന് കേരളീയ യുവത്വം സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്ന തലത്തിലേക്ക് തങ്ങളുടെ കാഴ്ചപ്പാടുകൾ മാറ്റിയിരിക്കുന്നുവെന്നത് കേരളത്തെ സംബന്ധിച്ച് ആശാവഹമാണ്.

ഇന്ത്യയിൽ നാം ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളിൽ ആറായിരത്തിലധികവും ഇവിടുത്തെ ചെറുകിട വ്യവസായ മേഖലയുടെ സംഭാവനയാണ്.

## സംരംഭകത്വത്തിന്റെ പ്രസക്തി എന്താണ്

സ്ഥിര വരുമാനമുള്ള ഒരു ജോലി എന്നതിലപ്പുറം സ്വന്തമായി ഒരു സംരംഭം എന്നതിന് പ്രസക്തി ഏറെയാണ്. എന്നാൽ ഭൂരിഭാഗം മലയാളികൾക്കും എല്ലാ പരിപാടിയും നഷ്ടപ്പെടുമ്പോഴുള്ള അവസനാത്തെ അത്താണിയാണ് സംരംഭകത്വം. എന്നാൽ അതിലുമെത്രയോ മൂല്യമുള്ളയൊന്നാണ് സംരംഭകത്വം. ഒരാൾ ഒരു സംരംഭകനായി മാറേണ്ടതിന് പ്രസക്തമായ 3 കാരണങ്ങൾ ഉണ്ട്.

1. വ്യക്തിപരമായ സാമ്പത്തിക ഉന്നമനത്വം. – ഒരിക്കലും സർക്കാർ തലത്തിലോ ഒരു സ്വകാര്യ സ്ഥാപനത്തിലോ ഉള്ള ജോലി കൊണ്ട് ആർക്കും തന്നെ ഉയർന്ന ഒരു സാമ്പത്തിക നിലവാരത്തിലേക്ക് എത്തുവാൻ കഴിയുകയില്ല. മുന്തിയ വാഹനമോ, ഉയർന്ന നിലവാരത്തിലുള്ള വീടോ ഉന്നതമായ ജീവിത സാഹചര്യങ്ങളോ ആണ് ലക്ഷ്യമെങ്കിൽ പോകേണ്ടുന്ന പാത സംരംഭകത്വത്തിന്റേതാണ്.

2. തലമുറകൾക്കായുള്ള നിക്ഷേപം – എത്ര വലിയ ഉയർന്ന ഉദ്യോഗസ്ഥനായാലും അവർ വിരമിക്കുമ്പോൾ തങ്ങളുടെ മക്കളെ തൽസ്ഥാനത്ത് ഇരുത്തുവാൻ സാധ്യമല്ല. എന്നാൽ അത് ബിസിനസ്സുകാർക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. തങ്ങളുടെ മാതാ പിതാക്കൾ തുടങ്ങിയതായ ബിസിനസ്സ് സാമ്രാജ്യം വിജയകരായി നടത്തിക്കൊണ്ട് പോകുന്ന എത്രയോ സംരംഭകരുണ്ടിവിടെ. നമ്മുടെ മക്കൾക്കായുള്ള നല്ലയൊരു ഇൻവെസ്റ്റ്മെന്റാണ് സംരംഭകത്വം എന്നത്.

3. നാടിന്റെ വികസനം – ഒരു വ്യക്തി സംരംഭകനായി മാറുമ്പോൾ ഒന്നിലധികം പേർക്ക് തൊഴിൽ നൽകുന്നുവെന്നതിനപ്പുറം സംഭവിക്കുന്ന മറ്റൊന്നുണ്ട്, ഒരു സംരംഭത്തിനെ അധികരിച്ച് ചുറ്റം നിരവധി സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതയാണത്. ഇങ്ങനെയുള്ള അനുബന്ധ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കപ്പെടുന്നത് കൊണ്ട് ഒരു സംരംഭം ആരംഭിക്കുന്ന വ്യക്തി ഒരു നാടിന്റെ മുഖഛായയയാണ് മാറ്റുന്നത്.

കേരളത്തിൽ ഒരു സംരംഭം ആരംഭിക്കുവാൻ സാധ്യതയുള്ള മേഖലകൾ നിരവധിയാണ്. ഭക്ഷ്യസംസംസ്കരണവും, ഗാർമെൻറ് മാനുഫാക്ച്വറിങ്ങും ഇവയിൽ മുന്നിട്ട് നിൽക്കുന്നു. ടൂറിസം രംഗംത്തും സാധ്യതകൾ ഏറെയാണ്.

**എങ്ങനെ ഒരു സംരംഭം ആരംഭിക്കാം**

സ്വന്തമായി ഒരു സംരംഭം ആരംഭിക്കുവാൻ ആദ്യമായി വേണ്ടത് ആത്മവിശ്വാസം ആണ്. സാഹചര്യങ്ങളെ മനസ്സിലാക്കുവാനും അതിനനുസരിച്ച് മാറുവാനും കഴിവുള്ളവർക്കേ ഇവിടെ വിജയിക്കുവാനാകൂ. കാലഘട്ടത്തിന്റെ മാറ്റങ്ങളോട് എത്ര വേഗത്തിൽ പ്രതികരിക്കുന്നുവെന്നതാണ് പ്രധാനം. അനുകൂല സാഹചര്യവും മൂലധനവുമുണ്ടെങ്കിലും ആത്മ വിശ്വാസം ഇല്ലായെങ്കിൽ പരാജയം ആയിരിക്കും ഫലം.

എവിടെ നിന്നാണ് ഒരു സംരംഭം ആരംഭിക്കുക. ഈയൊരു ചോദ്യത്തിന് ഉത്തരം തേടുമ്പോൾ ആദ്യം നമ്മൾ മനസ്സിലാക്കേണ്ടത് സംരംഭം എത്ര തരം ഉണ്ട് എന്നാണ്. ലോകത്തിലെ ഏതൊരു സംരംഭത്തെയും നമുക്ക് 3 ഗ്രുപ്പുകളായി തിരിക്കുവാൻ കഴിയും. ഒന്ന് ഉൽപ്പാദന

വ്യവസായം. അതായത് ഒരു അസംസ്കൃത വസ്തു ഒരു ഉൽപ്പന്നമായി മാറുന്നു. ചപ്പാത്തി ഉണ്ടാക്കുന്നതോ, ഷർട്ട് ഉണ്ടാക്കുന്നതോ ഒക്കെ ഇതിന് ഉദാഹരണമാണ്. മറ്റൊന്ന് സേവന സംരംഭങ്ങൾ ആണ്. അതായത് മറ്റൊരാൾക്ക് അറിയില്ലാത്ത ഒരു ജോലി അവർക്കായി ചെയ്യുന്നതാണത്. ബ്യൂട്ടിപാർലറോ, തയ്യൽക്കടയോ ഒക്കെ ഉദാഹരണമായെടുക്കാം. എന്നാൽ ഒരു ലേഡീസ് സ്റ്റോറോ പലചരക്ക് കടയോ ഒക്കെ വരുന്നത് ട്രേഡിങ്ങ് എന്ന വിഭാഗത്തിലാണ്. സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി ആദ്യം ഉത്തരം കണ്ടെത്തേണ്ടത് തന്റെ സംരംഭം ഇതിലേതിലാണ് വരുന്നത് എന്നതാണ്.

ഒരു സംരംഭം ആരംഭിക്കുവാൻ ആദ്യം വേണ്ടത് എന്താണ് എന്ന ചോദ്യത്തിന് ബഹു ഭൂരിപക്ഷത്തിന്റേയും ഉത്തരം പണം എന്നതായിരിക്കും. എന്നാൽ ഒരു സംരംഭത്തിന് പ്രധാനമായും 5 M കൾ ഉണ്ട്. Men, Money, Machine, Material and Market എന്നിവയാണവ. Men എന്നാൽ സംരംഭകനും തന്റെ ജീവനക്കാരും ആണ്. Machine, Raw Material എന്നിവയും പ്രധാനപ്പെട്ടതാണ്. എന്നാൽ തന്റെ ഉൽപ്പന്നം അല്ലെങ്കിൽ സേവനം വിറ്റഴിക്കപ്പെടേണ്ട വിപണി എതാണ് എന്നത് പരമ പ്രധാനമായ ഒന്നാണ്. എത്ര പണം ഉണ്ടെങ്കിലും വിപണി ഇല്ലായെങ്കിൽ നാം പരാജയപ്പെട്ട് പോകും. ആയതിനാൽത്തന്നെ ഒരു സംരംഭത്തിന് പരമ പ്രധാനമായി വേണ്ടുന്നത് മാർക്കറ്റ് ആണ്. നമുക്ക് മാർക്കറ്റ് ചൂണ്ടിക്കാണിക്കുവാൻ കഴിഞ്ഞാൽ പണം നൽകുവാൻ ധനകാര്യ സ്ഥാപനങ്ങളുണ്ട്. സത്യത്തിൽ മാർക്കറ്റ് എന്നാൽ സംരംഭകാശയം എന്നതാണ്.

## എന്തൊക്കെ കടമ്പകൾ

## സംരംഭത്തിന്റെ ആരംഭത്തിന് നിരവധി കടമ്പകൾ ഉണ്ട്.

1. സംരംഭകാശയ രൂപവൽക്കരണമാണ് ആദ്യത്തേത്. ഒരു സംരംഭകാശയം എവിടെ നിന്നുമുണ്ടാകാം. ഒരു വസ്തുവിനെ ഉദാഹരണമായി എടുത്തു കൊണ്ട് നിരവധി ആശയങ്ങൾ രൂപപ്പെടുത്തുവാൻ കഴിയും. ഉദാഹരണമായി തുണി എടുത്താൽ അതുപയോഗിച്ച് നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയും. ഒപ്പം തയ്യൽക്കട പോലുള്ള സേവന സംരംഭങ്ങളോ, ടെക്സ്റ്റൈലുകൾ പോലുള്ള ട്രേഡിങ്ങ് സ്ഥാപനങ്ങളോ ആരംഭിക്കുവാൻ കഴിയും.

ഇനി സമൂഹത്തിലെ പ്രശ്നങ്ങളിലൂടെ കടന്ന് ചെന്നാൽ നിരവധി ആശയങ്ങൾ പിറവിയെടുക്കുന്നത് കാണുവാൻ കഴിയും. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഏതൊരു ഉൽപ്പന്നവും ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ പരിഹാരമാണ് എന്നതാണ് വസ്തുത. നമ്മുടെ അസംസ്കൃത വസ്തുക്കളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ കഴിയും. ഇങ്ങനെ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ആശയം രൂപവൽക്കരിക്കുക എന്നതാണ് ആദ്യമായി ചെയ്യേണ്ടത്.

2. നിരവധി ആശയങ്ങൾ ഉരുത്തിരിഞ്ഞ് വന്നേക്കാം. ഇവയെയെല്ലാം ഒന്ന് ഷോർട്ട് ലിസ്റ്റ് ചെയ്യുകയെന്നതാണ് അടുത്തതായി ചെയ്യേണ്ടത്. പ്രായോഗികമായത് മാത്രം തെരഞ്ഞെടുക്കുക എന്ന സമീപനം നടത്തുക.

3. തെരഞ്ഞെടുത്ത ആശയങ്ങളിൽ ഒരു പ്രാഥമിക ഗവേഷണം നടത്തുകയാണ് ഇനി ചെയ്യേണ്ടത്. കൈയ്യിലുള്ള ഓരോ ആശയത്തിനും അനുയോജ്യമായ വിദഗ്ധരെ കണ്ടെത്തുകയും അവരോട് അഭിപ്രായങ്ങൾ ആരായുകയും ചെയ്യേണ്ടതുണ്ട്. ഓരോന്നിനെപ്പറ്റിയും വിപണി പഠനം നടത്തുക, ആവശ്യം വേണ്ടതായ യന്ത്ര സാമഗ്രികളെപ്പറ്റി മനസ്സിലാക്കുക, അസംസ്കൃത വസ്തുക്കളെപ്പറ്റി അറിയുക, എത്രമാത്രം മൂലധനം ആവശ്യമുണ്ടെന്ന് പഠിക്കുക സാങ്കേതിക വിദ്യ ആവശ്യമായ സംരംഭങ്ങൾ ആണെങ്കിൽ അതിനെപ്പറ്റി മനസ്സിലാക്കുക തുടങ്ങിയവയെല്ലാം ചെയ്യേണ്ടതാണ്.

4. പിന്നീടാണ് ഈ ഓരോ ആശയത്തെയും സൂക്ഷ്മമായ വിലയിരുത്തേണ്ടത്. ഇതിന്റെ ആവശ്യം സമൂഹത്തിലുണ്ടോ, ഇത് സാമ്പത്തികമായി വിജയിക്കുമോ, പരിസ്ഥിതിക്ക് ഹാനികരമാണോ എന്നതൊക്കെ ചിന്തിക്കേണ്ടതുണ്ട്.

5. വ്യക്തമായ പഠനത്തിന് ശേഷം ഏറ്റവും അനുയോജ്യമായ ഒന്ന് തെരഞ്ഞെടുക്കുക എന്നതാണ് ഇനി ചെയ്യേണ്ടത്.

6. അതിന് ശേഷം ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിൽ ബിസിനസ് ആരംഭിക്കുവാനുള്ള കാരണം, അതിന് കാരണമായ പ്രശ്നം, അതിന്റെ പരിഹാരം നമ്മൾ മുൻപിൽ കാണുന്ന വിപണി, മൂലധനം കണ്ടെത്തുവാനുള്ള മാർഗ്ഗം, മാർക്കറ്റിങ്ങ്

സ്ട്രാറ്റജി, റവന്യു മോഡൽ തുടങ്ങിയവയെല്ലാം ഉണ്ടാവണം.

7. ഇനി അറിയേണ്ടത് സബ്സിഡി സ്കീമുകളെക്കുറിച്ചാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധങ്ങളായ സബ്സിഡി സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനെക്കുറിച്ച് ഈ പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

8. തെരഞ്ഞെടുത്ത ആശയവുമായി വിദഗ്ദരുമായി ചർച്ച നടത്തുക എന്നുള്ളതാണ് ഇനി ചെയ്യേണ്ടത്. യന്ത്രസാമഗ്രികൾ നൽകുന്നവരുമായോ, റോ മെറ്റീരിയലുകൾ നൽകുന്നവരുമായോ ഒക്കെ വിശദമായ ചർച്ചയാവാം.

9. തന്റെ സംരംഭത്തിന് എത്ര മാത്രം മൂലധനം ആവശ്യമുണ്ടെന്നുള്ള കണ്ടെത്തലാണ് ഇനി വേണ്ടുന്നത്. പ്രവർത്തന മൂലധനം എത്ര വേണം, ക്യാഷ് ഫ്ലോ എങ്ങനെയാണ് എന്നിങ്ങനെയുള്ളതെല്ലാം ഈ സ്റ്റേജിൽ പ്ലാൻ ചെയ്യേണ്ടതുണ്ട്.

10. ഒരു സംരംഭകൻ നേടേണ്ടതായ വിവിധങ്ങളായ ലൈസൻസുകളും രജിസ്ട്രേഷനുകളുമുണ്ട്. വിവിധ ഡിപ്പാർട്ട്മെൻറുകൾ അതിനായി സന്ദർശിക്കേണ്ടതുണ്ട്. അത് ഏതൊക്കെയെന്ന് മനസ്സിലാക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നയൊന്നാണ്.

11. ഒരു സംരംഭത്തിന് വിവിധങ്ങളായ ഉടമസ്ഥതാ രൂപങ്ങളുണ്ട്. തന്റെ സംരംഭത്തിന് അനുയോജ്യമായത് ഏതെന്ന് സംരംഭകൻ മനസ്സിലാക്കേണ്ടതാണ്. ഒരാൾ മാത്രമുള്ള സംരംഭം എന്നത് പ്രൊപ്രൈറ്ററി ആണ്. അത് രജിസ്റ്റർ ചെയ്യേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലാണ്. സംരംഭകന് തന്റെ സ്ഥാപനം ഏകാംഗ കമ്പനിയായിട്ടോ, പാർട്ണർഷിപ് ഫേം ആയിട്ടോ, ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പായോ, പ്രൈവറ്റ് അല്ലെങ്കിൽ പബ്ലിക് ലിമിറ്റഡ് കമ്പിനിയായോ ഒക്കെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. അടുത്തതായി സംരംഭത്തിനൊരു പേരു നൽകുക എന്നതാണ് ചെയ്യേണ്ടത്. സംരംഭത്തിന് മാത്രമല്ല, ഉൽപ്പന്നത്തിനും, സർവ്വീസിനുമൊക്കെ ജന മനസ്സുകളിൽ ഇടം പിടിക്കുന്ന തരത്തിലുള്ളയൊരു പേരു നൽകേണ്ടതാണ്. ഒപ്പം അത് പ്രൊട്ടക്ട് ചെയ്യേണ്ടതും അത്യാവശ്യമാണ്. ഈ ഘട്ടത്തിൽ പേറ്റൻറിനെക്കുറിച്ചും ട്രേഡ്

മാർക്കിനെക്കുറിച്ചുമെല്ലാം അത്യാവശ്യ ധാരണ ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

13. തന്റെ സംരംഭത്തിനായിട്ടുള്ള ഒരു സ്ഥലം കണ്ടെത്തുകയെന്ന താണ് അടുത്ത പടി. ഉൽപ്പാദന വ്യവസായങ്ങൾക്കും, സേവന, ട്രേഡിങ്ങ് സംരംഭങ്ങൾക്കും ആവശ്യമുള്ള സ്ഥലത്തിന് വ്യത്യസ്തമായ പ്രത്യേകതകളാണുള്ളത്. ആയത് തിരിച്ചറിയുകയും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുകയും വേണം.

14. ആവശ്യമായ ലൈസൻസുകളും രജിസ്ട്രേഷനുകളും പൂർത്തിയാക്കി സംരംഭം ആരംഭിക്കുകയാണ് അവസാനമായി ചെയ്യേണ്ടത്.

# സംരംഭക സാധ്യതാ മേഖലകൾ

## കാസർഗോഡ്

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ജില്ലയായ കാസറഗോഡ് ജില്ല ഉത്തര കേരളത്തിൽ നിന്നും കർണാടകയിലേക്കുള്ള കവാടമാണ്. അതിനാൽ ഗണ്യമായ വ്യവസായ വികസന സാധ്യതകളാണ് നമ്മുടെ മുന്നിലുള്ളത്. ആവശ്യാനുസരണം ഭൂമിയും മറ്റു പ്രകൃതി വിഭവങ്ങളും കാസറഗോഡിന് സ്വന്തമാണ്. ഇവയെല്ലാം ചേരുമ്പോൾ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളും അത്പോലെ മറ്റ് സംരംഭങ്ങളെയും ഒരുപോലെ പ്രോത്സാഹിപ്പിക്കുവാനും, അതിലൂടെ കാര്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും

**അടിസ്ഥാന സൗകര്യം**

മികച്ച റോഡുകൾ,പൊതുഗതാഗതം, റെയിൽവേ,മംഗലാപുരം തുറമുഖം, സ്ഥലലഭ്യത മുതലായവ കാസർഗോഡ് ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

കാർഷിക ഉത്പന്നങ്ങൾ, തോട്ടവിളകൾ, കന്നുകാലി വളർത്തൽ, ചക്ക, നേന്ത്രക്കായ, കല്ലുമ്മക്കായ, കാഷ്യു റബ്ബർ, വനവിഭവങ്ങൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത

വസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

**പരിശീലന സ്ഥാപനങ്ങൾ**

1. DIC
2. RSETI
3. CPCRI
4. Kerala Agricultural university padannakkad & Pilicode

**വൻകിട പൊതു – സ്വകാര്യ മേഖല സ്ഥാപനങ്ങൾ**

HAL, BHEL, Uduma Co-operative Spinning mill മുതലായവൻ കിട പൊതു – സ്വകാര്യ മേഖല സ്ഥാപനങ്ങൾ ഉള്ളതിനാൽ ധാരാളം അനുബന്ധസ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 225ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചുവരുന്നു. ജില്ലയിലെസംരംഭകസാധ്യതകൾ

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം
2. കശുവണ്ടി
3. സുഗന്ധവ്യഞ്ജനങ്ങൾ
4. കൈത്തറിഉത്പന്നങ്ങൾ
5. വസ്ത്രനിർമ്മാണം
6. എഞ്ചിനീയറിംഗ്വർക്ഷോപ്പുകൾ
7. മരാധിഷ്ഠിതവ്യവസായം,
8. പ്രിൻറിംഗ്
9. കരകൗശലഉത്പന്നങ്ങൾ
10. ഫാബ്രിക്കേഷൻ
11. പാലുല്പന്നങ്ങൾ
12. റബ്ബർഉത്പന്നങ്ങൾ

13. ബിൽഡിംഗ്മെറ്റീരിയൽസ്
14. ബിൽഡിംഗ്ഇന്റീരിയർഡിസൈൻ
15. ടയർറീട്രേഡിങ്യൂണിറ്റുകൾ
16. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
17. ഓട്ടോമൊബൈൽവർക്ഷോപ്പുകൾ
18. വനവിഭവങ്ങൾ
19. പ്ലാസ്റ്റിക് ഉത്പന്നങ്ങൾ
20. കാർട്ടൺ ബോക്സുകൾ
21. ഇലക്ട്രോണിക്സ്
22. ഇലക്ട്രോണിക്സ്വേസ്റ്റ്സംസ്കരണം
23. സമുദ്ര ഉത്പന്നങ്ങൾ
24. ആയുർവേദ ഉത്പന്നങ്ങൾ
25. കമുക് കാർഷികാധിഷ്ഠിത ഉത്പന്നങ്ങൾ

**സേവനമേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ് സെനറ്ററുകൾ
3. മൊബൈൽഫോൺ സർവീസ് സെനറ്ററുകൾ
4. ബ്യൂട്ടിപാർലറുകൾ
5. കമ്പ്യൂട്ടർസർവീസുംവില്പനയും
6. ലോജിസ്റ്റിക്സ് സപ്ലൈചെയിൻമാനേജ്മന്റ്
7. റീപാകിംഗ് യൂണിറ്റുകൾ
8. ജനസേവന കേന്ദ്രങ്ങൾ

# ലൈസൻസുകൾ/ അനുമതികൾ

സ്വയം തൊഴിൽ സംരംഭങ്ങൾ, അവ ഉത്പാദന, സേവന സംരംഭങ്ങളോ, കച്ചവട സ്ഥാപനങ്ങളോ ഏതായാലും അവ ആരംഭിക്കുമ്പോൾ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ആവശ്യമായ അനുമതികൾ കൂടി കരസ്ഥമാക്കി മാത്രമേ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ നൽകുന്ന 15 ഓളം ലൈസൻസുകൾ സംരംഭം നേടേണ്ടതുണ്ട്.

നടത്തുന്ന പ്രവർത്തനം അനുസരിച്ച് സംരംഭങ്ങളെ ഉത്പ്പാദനം, സേവനം, കച്ചവടം എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഇവയിൽ ഉത്പാദന-സേവന സംരംഭങ്ങളെ അവയുടെ സ്ഥിര മൂലധനത്തിന്റെയും വിറ്റുവരവിന്റേയും അടിസ്ഥാനത്തിൽ സൂക്ഷ്മ (Micro), ചെറുകിട (Small), ഇടത്തരം (Medium) സംരംഭങ്ങൾ എന്ന് തരം തിരിച്ചിരിക്കുന്നു.

### 1. ഉദ്യം രജിസ്ട്രേഷൻ

സംരംഭങ്ങൾ ആരംഭികുന്നതിനു മുന്നോടിയായി കേന്ദ്ര സർകാർ MSME വകുപ്പിന്റെ "ഉദ്യം രജിസ്ട്രേഷൻ" കരസ്ഥമാക്കിയിരിക്കണം. കച്ചവട സംരംഭങ്ങൾക്കും നിലവിൽ "ഉദ്യം രജിസ്ട്രേഷൻ" എടുക്കാവുന്നതാണ്. https://udyamregistration.gov.in/. എന്ന വെബ്സൈറ്റ് മുഖേനെ സൌജന്യമായി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൃഷി, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉദ്യം രജിസ്ട്രേഷൻ ബാധകമല്ല. ആധാർ കാർഡ്, ഉടമസ്ഥന്റെ/സ്ഥാപനത്തിന്റെ പാൻ കാർഡ്, ബാങ്ക് അക്കൗണ്ട്, സ്ഥാപനം സംബന്ധിച്ച വിവരങ്ങൾ എന്നിവയുമായി അടുത്തുള്ള താലൂക്ക് വ്യവസായ ഓഫീസിൽ സമീപിച്ചാൽ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

### ബാധകമായ വ്യവസായങ്ങൾ

ഉത്പാദന സേവന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സംരംഭങ്ങളും, കച്ചവട സ്ഥാപനങ്ങളും

### 2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്

പ്രധാനമായും കെട്ടിട നിർമ്മാണത്തിനാവശ്യമായ അനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി, പ്രവർത്തനാനുമതി എന്നിവയാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കേണ്ടത്. വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും എന്ന അനുമതിയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നത്.

കെട്ടിടങ്ങളെ A മുതൽ J വരെയായി 12 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇതിൽ G1, G2 വിഭാഗങ്ങളാണ് വ്യവസായ ആവശ്യത്തിനായുള്ള കെട്ടിടങ്ങൾ. Group F വിഭാഗത്തിലുള്ള കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ 50 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള 3 എച് പി വരെയുള്ള ഏതു സംരംഭങ്ങളും ആരംഭിക്കാം.അതിനു മുകളിലുള്ള വ്യവസായങ്ങൾക്ക് വ്യവസായങ്ങളുടെ തരം കെട്ടിടങ്ങളുടെ വിസ്തീർണ്ണം എന്നിവയ്ക്ക് അനുസരിച്ചു G1, G2 വിഭാഗത്തിലുള്ള കെട്ടിടങ്ങൾ നിർമിക്കേണ്ടതാണ്. വ്യവസായതിനാവശ്യമായ കെട്ടിടം നിർമിക്കുമ്പോൾ അവ കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ / കേരള മുനിസിപ്പൽ ബിൽഡിങ് റൂൾ എന്നിവ പ്രകാരമാണ് നിർമിക്കുന്നത് എന്ന് ഉറപ്പ് വരുത്തണം.

കെട്ടിട നിർമ്മാണത്തിനാവശ്യമായ അനുമതിക്കായി പ്രമാണത്തിന്റെ പകർപ്പ്, കരമടച്ച രസീത്, പൊസഷൻ സര്ട്ടിഫിക്കറ്റ്, പ്ലാനിന്റെ കോപ്പി എന്നിവ ഓൺലൈനായി ആയി www.buildingpermit.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ അംഗീകൃത ലൈസൻസി മുഖേന സമർപ്പിക്കണം. നിർമ്മാണം പൂർത്തിയായാൽ ഉടനെ നമ്പർ ഇടുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നൽകണം. മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി, പ്രവർത്തനാനുമതി എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ വാടകയ്ക്കെങ്കിൽ വാടക കരാർ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി, 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (പുതിയ കെട്ടിടത്തിനു മാത്രം), എന്നിവ നിശ്ചിത മാത്രികയിലുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണം.

### 3. മലിനീകരണ നിയന്ത്രണ ബോർഡ്

മലിനീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ നാലായി തരം തിരിച്ചിരിക്കുന്നു. വൈറ്റ് - ഗ്രീൻ - ഓറഞ്ച് - റെഡ് കാറ്റഗറി, മലിനീകരണ തോത് തീരെ കുറഞ്ഞവയെ വൈറ്റ് ആയും ഏറ്റവും കൂടിയവയെ റെഡ് ആയും ക്രമമായി തരം തിരിച്ചിരിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡ് 2 തരം അനുമതികൾ നൽകി വരുന്നു. കൺസെന്റ് ടു എസ്റ്റാബ്ലിഷ്, കൺസെന്റ് ടു ഓപ്പറേറ്റ് എന്നിവയാണ് അവ. സ്ഥാപനം ആരംഭിക്കുന്നതിന് മുന്നോടിയായി കെട്ടിടം നിർമ്മിക്കേണ്ട ആവശ്യമുണ്ടെങ്കിൽ സംരംഭകൻ ഓൺലൈൻ ആയി "കൺസെന്റ് ടു എസ്റ്റാബ്ലിഷ്" എന്ന അനുമതിക്ക് അപേക്ഷിക്കേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ പ്രകാരം ആവശ്യമായ ദൂരപരിധികൾ പാലിക്കുന്ന പക്ഷം 5 വർഷത്തെ ഫീസ് ഒടുക്കി അനുമതി പത്രം കരസ്ഥമാക്കാവുന്നതാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയാൽ യന്ത്ര സാമഗ്രികൾ സ്ഥാപിച്ചതിനു ശേഷം "കൺ സെന്റ് ടു ഓപ്പറേറ്റ്" അനുമതിക്കായി അപേക്ഷിക്കാവുന്നതാണ്. ഈ അനുമതി ലഭിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കരസ്ഥമാക്കി സ്ഥാപനം പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കാറ്റഗറിഅനുസരിച്ച് ഗ്രീൻ, ഓറഞ്ച്, റെഡ് വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്ക് 15, 10, 5 വർഷ കാലയളവിലേക്കു അനുമതി ലഭിക്കുന്നതാണ്. വൈറ്റ് സംരംഭങ്ങൾക്ക് അപേക്ഷയിന്മേൽ ഒറ്റത്തണ അനുമതി ലഭിക്കുന്നതാണ്.

**എങ്ങനെ അപേക്ഷിക്കാം**

- ഓൺലൈൻ ആയിമാത്രം keralapcb.nic.in/www.kswift.kerala.gov.in
- വൈറ്റ് വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക് 500 രൂപ ഫീസ് മാത്രം.
- മറ്റു വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന് അനുസൃതമായി ഫീസ് കണക്കാകുന്നു.
- തിരിച്ചറിയൽകാർഡ്, സ്ഥലത്തിന്റെ നികുതി റെസിപ്റ്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ സൈറ്റ് പ്ലാൻ , 100 മീറ്റർ റേഡിയസ് പ്ലാൻ, 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ അഫിഡവിറ്റ, മെഷിനറി കോട്ടേഷൻ, കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, പങ്കാളിത്ത സ്ഥാപനം ആണെങ്കിൽ പാർട്ണർ ഷിപ് ഡീഡ് എന്നീ രേഖകൾ ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യണം.

**ബാധകമായ വ്യവസായങ്ങൾ**

**വൈറ്റ്:** സോഡാ നിർമ്മാണം, അക്ഷയ സെന്റർ, വസ്ത്ര നിർമ്മാണം,

ഫോട്ടോസ്റ്റാറ്റ്, LED നിർമ്മാണം തുടങ്ങിയവ.

**ഗ്രീൻ:** ആയുർവേദ ഉൽപ്പന്ന നിർമ്മാണം, ബേക്കറി ഉത്പ്പന്നങ്ങൾ, ബ്യൂട്ടി പാർലർ, ഫ്ലോർ മിൽ, പൗൾട്ടറി ഫാം, എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് തുടങ്ങിയവ.

**ഓറഞ്ച്:** സ്പ്രേ പെയിന്റിംഗ്, ആയുർവേദ മരുന്ന്, ചിക്കൻ സ്റ്റാൾ, പാൽ ഉത്പന്നങ്ങൾ, മത്സ്യ സംസ്കരണം, ഐസ് ക്രീം നിർമ്മാണം, എം-സാൻഡ്, പ്രിന്റിംഗ് പ്രസ് തുടങ്ങിയവ.

**റെഡ്:** കോഴി മാലിന്യ സംസ്കരണം, പെയിന്റ് നിർമ്മാണം, കശാപ്പ് ശാല തുടങ്ങിയവ.

### 4. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് ഇവയുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന, ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ടു പാലിക്കേണ്ട നിയമമാണിത് .ഈ നിയമപ്രകാരം, ഭക്ഷ്യ വ്യാപാരികൾക്കും ഭക്ഷ്യ ഉൽപാദകർക്കും വിതരണക്കാർക്കും ഇറക്കുമതിക്കാർക്കും നിർബന്ധിത രജിസ്ട്രേഷൻ/ലൈസൻസ് ആവശ്യമാണ്. കേക്ക്, പലഹാരങ്ങൾ, പായസം അച്ചാർ പോലുള്ള ഭക്ഷണ സാധനങ്ങൾ വീടുകളിൽ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധം ആണ്.

വാർഷികവിറ്റുവരവ് 12 ലക്ഷംരൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. വാർഷികവിറ്റുവരവ് 12 ലക്ഷം രൂപ മുതൽ 20 കോടിരൂപ വരെ ഉള്ള സ്ഥാപനങ്ങൾ, സംസ്ഥാനത്തിനകത്ത് മാത്രം വിപണനം നടത്തുന്ന സ്ഥാപനങ്ങൾ, പ്രതിദിനഉത്പാദനം 100 കിലോ അഥവാ 100 ലിറ്റർ അധികരിച്ചാൽ, പാലാണെങ്കിൽ 500 ലിറ്റർ പ്രതിദിനഉത്പാദനം/ സംഭരണംകവിഞ്ഞവർ, കാറ്ററിങ് യൂണിറ്റുകൾ എന്നിവർ സ്റ്റേറ്റ് ലൈസൻസ് എടുക്കേണ്ടതുണ്ട്.

20 കോടിക്ക് മുകളിൽ വിറ്റുവരവ് ഉള്ളവരും, കയറ്റുമതി ഇറക്കുമതി സ്ഥാപനങ്ങൾ, ഇ-കൊമേഴ്സ്സ്ഥാപനങ്ങൾ, സംസ്ഥാനാന്തര വിപണനം നടത്തുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ സെൻട്രൽ ലൈസൻസ് എടുക്കണം.

**എങ്ങനെഅപേക്ഷിക്കാം**

- ഓൺലൈൻ ആയി മാത്രം - foscos.fssai.gov.in / www.kswift.kerala.gov.in
- രജിസ്ട്രേഷൻ വാർഷിക ഫീസ് 100 രൂപ
- സ്റ്റേറ്റ് ലൈസൻസ് വാർഷിക ഫീസ് 2000 രൂപ മുതൽ 5000 രൂപവരെ
- സെൻട്രൽ ലൈസൻസ് വാർഷിക ഫീസ് 7500 രൂപ
- ഫോട്ടോ, തിരിച്ചറിയൽ കാർഡ്, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ലൈസൻസിന തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, മെഡിക്കൽ ഫിറ്റ്നസ് എന്നിവ കൂടി അധികമായി നൽകണം.
- പരിശോധന ആവശ്യം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് 7 ദിവസത്തിനുള്ളിലും പരിശോധന വേണ്ടവ 30 ദിവസം കൊണ്ടും ലഭ്യമാക്കണം.

**ബാധകമായ വ്യവസായങ്ങൾ**

- കുടിവെള്ള നിർമ്മാണം, പലഹാര നിർമ്മാണം, ക്യാന്റീൻ, ഹോട്ടൽ, ഭക്ഷ്യ സംസ്കരണം, ഫ്ലോർ മിൽ, ഓയിൽ മിൽ, ഐസ് പ്ലാൻറ്, റൈസ് മിൽ, ഭക്ഷ്യ ഉത്പന്നങ്ങൾ റീ പാക്ക് ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങിയവ.

## 5. ചരക്ക സേവന നികുതി വകുപ്പ്

20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള സേവന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളും, 40 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള ഉത്പാദന, കച്ചവട മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളും GST രജിസ്ട്രേഷൻ എടുത്തിരിക്കണം. എന്നാൽ സംരംഭകരുടെ ആവശ്യപ്രകാരം പ്രസ്തുത തുകയിൽ കുറവ് വിറ്റുവരവുള്ള സ്ഥാപനങ്ങൾക്കും GST എടുക്കാവുന്നതാണ്. എല്ലാ സംസ്ഥാനാന്തര കച്ചവടം നടത്തുന്നവരും, ഇ കോമേഴ്സ് സ്ഥാപനങ്ങളും ഈ പരിധി പരിഗണിക്കാതെ തന്നെ നിർബന്ധമായും GST രജിസ്ട്രേഷൻ എടുത്തിരിക്കണം.

നോർമൽ, കോമ്പോസിഷൻ എന്നിങ്ങനെ 2 തരം രജിസ്ട്രേഷൻ നൽകിവരുന്നു.

**എങ്ങനെഅപേക്ഷിക്കാം**

- ഓൺലൈൻ ആയി www.gst.gov.in വെബ്സൈറ്റ് മുഖേനെ സൗജന്യമായി അപേക്ഷ സമർപ്പിക്കാം.
- മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ്, പാൻ കാർഡ്, ആധാർ കാർഡ്, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖ, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപ്ലോഡ് ചെയ്യണം.

## 6. ലീഗൽ മെട്രോളജി വകുപ്പ്

അളവുകൾ, അളവെടുക്കൽ ഉപകരണങ്ങൾ, അളവെടുക്കൽ രീതി എന്നിവയെല്ലാം നിർദേശിക്കുകയും അവ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ഉത്പന്നം പാക്ക് ചെയ്തു വിൽക്കുന്നവരെല്ലാം. ഉത്പാദനം തുടങ്ങി 90 ദിവസങ്ങൾക്കകം അപേക്ഷിക്കണം

**എങ്ങനെ അപേക്ഷിക്കാം**

ഓൺലൈൻ ആയി മാത്രം lmoms.kerala.gov.in/www.kswift.kerala.gov.in

തിരിച്ചറിയൽകാർഡ്, ഫോട്ടോ, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, സ്വയം സാക്ഷ്യ പെടുത്തിയ പ്രസ്താവന, കെട്ടിട നികുതി റെസിപ്റ്റ്, ഉല്പന്നത്തിന്റെ വിശദാംശങ്ങൾ, കമ്പനി ആണെങ്കിൽ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, പങ്കാളിത്ത സ്ഥാപനം ആണെങ്കിൽ പാർട്ണർ ഷിപ് ഡീഡ് എന്നീ രേഖകളുടെ സാക്ഷ്യപെടുത്തിയ പകർപ്പുകൾ സഹിതം ഓൺലൈനായി ആയി അപേക്ഷ സമർപ്പിക്കണം.

## 7. ജില്ലാ ടൗൺ പ്ലാനറുടെ അനുമതി

1500 സ്ക്വയർ മീറ്ററിലധികമുള്ള കെട്ടിടങ്ങൾക്കു ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ കൂടി വേണം ഇവിടേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

### 8. ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി

ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപങ്ങൾ, ലാബുകൾ എന്നിവയ്ക്കുമാത്രമേ DMO യുടെ അനുമതി ആവശ്യമുള്ളൂ. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ സമർപ്പിക്കണം.

ബാധകമായ സംരംഭങ്ങൾ

ആശുപത്രികൾ, സ്കാനിംഗ് സെന്റർ, നഴ്സിംഗ് ഹോം, പ്രകൃതി ചികിത്സ കേന്ദ്രങ്ങൾ, മറ്റു ആരോഗ്യ കേന്ദ്രങ്ങൾ, ലാബുകൾ തുടങ്ങിയവ.

### 9. ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് വകുപ്പിൽ നിന്നുള്ള അനുമതികൾ

പ്രീ എസ്റ്റാബ്ലിഷ്‌മെന്റ് അനുമതിയും ലൈസൻസും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നവർ എടുക്കണം, വാടകകെട്ടിടമാണെങ്കിൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും ലൈസൻസും എടുക്കണം. വൈദ്യുതി ഉപയോഗിക്കുന്ന സംരംഭങ്ങളിൽ പത്തിലധികം തൊഴിലാളികൾ ഉണ്ടെങ്കിലും, വൈദ്യുതി ഉപയോഗിക്കാത്ത സംരംഭങ്ങളിൽ ഇരുപതിലധികം തൊഴിലാളികൾ ഉണ്ടെങ്കിലും ലൈസൻസ് എടുക്കണം. 25 L മുകളിൽ അളവുള്ള ബോയിലറുകൾ ഉപയോഗിക്കുന്ന സംരംഭങ്ങളും ലൈസൻസ് എടുക്കണം.

### 10. അഗ്രിക്കൾച്ചർ വകുപ്പിൽ നിന്നും എടുക്കേണ്ട അനുമതികൾ

വളം, കീടനാശിനിയുടെ നിർമ്മാണവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. ഇതിനായി തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നുമുള്ള ലൈസൻസ്, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കമ്പനി നല്കുന്ന ഉല്പന്നങ്ങളുടെ ലിസ്റ്റ് എന്നിവയുമായി ബി.എസ്. സി കെമിസ്ട്രി അഥവാ കേരള അഗ്രികൾചർ യൂണിവേഴ്സിറ്റിയുടെ ഹ്രസ്വകാല പ്രത്യേക കോഴ്സ് പൂർത്തിയാക്കിയവർ, റിട്ടയർ ചെയ്ത കൃഷി ഓഫീസർമാർ എന്നിവർക്ക് അടുത്തുള്ള കൃഷിഭവനിൽ 1250 രൂപ ഫീസ് അടച്ചു അപേക്ഷിക്കാം. www.kswift.kerala.gov.in വഴിയും അപേക്ഷ സമർപ്പിക്കാം.

### 11. എക്സൈസ് വകുപ്പിൽ നിന്നും എടുക്കേണ്ട അനുമതികൾ

സ്പിരിറ്റുമായി ബന്ധപ്പെട്ട നിർമ്മാണവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. മദ്യ നിർമ്മാണം, ആയുർവേദ ആസവ അരിഷ്ട നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം മുതലായ

സംരംഭങ്ങൾ ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഓഫീസിൽ ഫീസ് അടച്ചു അപേക്ഷ സമർപ്പിക്കണം.

### 12. മൈനിങ് ആൻഡ് ജിയോളജി വകുപ്

മണ്ണ്, പാറ അധിഷ്ഠിത ഖനനവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. കരിങ്കല്ല്, വെട്ടുകല്ല് എന്നിവയും അവയുടെ ഉല്പന്നങ്ങളും നിർമ്മിക്കുന്നവരാണ് കൂടുതലായി ഇതിന്റെ പരിധിയിൽ വരുന്നത്. വില്ലേജ് ഓഫീസിൽ നിന്നുമുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ് മുതലാവയോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ല ഓഫീസിൽ സമർപ്പിക്കണം.കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഒരുക്കുന്നതിനുവേണ്ടി മണ്ണ്, പാറ മുതലായവ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ട സാഹചര്യത്തിലും അനുമതി ആവശ്യമായി വരാം

### 13. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

10 കെ വി എ ക്കു മുകളിൽ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന എല്ലാതരം സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് മുമ്പും (ഉദാ: ജനറേറ്റർ, സോളാർ പ്ളാൻറ് മുതലായവ ) കൂടാതെ പ്രത്യേകം ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൂർ അനുമതി നേടണം. 15 മീറ്ററിൽ അധികം ഉയരമുള്ള കെട്ടിടങ്ങൾക്ക് സുരക്ഷാ അനുമതി ആവശ്യമാണ്. ഇലക്ട്രികൽ കോണ്ട്രാക്ടറുടെ കമ്പ്ലീഷൻ റിപ്പോർട്ട്, ഡ്രോയിംഗ്, അഫിഡവിറ്റ് എന്നിവയോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ല ഓഫീസിൽ സമർപ്പിക്കണം. പ്രാഥമിക പരിശോധനയും അന്തിമ പരിശോധനയും നടത്തി മാത്രമാണ് അനുമതി നല്കുന്നത്.

### 14. എക്സ്പ്ലോസീവ് വകുപ്പ്

50 കിലോ വരെ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്ന സംരംഭങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നോ, അതിനു മുകളിലുള്ളവ ചീഫ് കണ്ട്രോളർ ഓഫ് എക്സ്പ്ലോസീവ്, ചെന്നൈയിൽ നിന്നോ അനുമതി നേടണം, ആധാർ കാർഡ്, ഫോട്ടോ, പോലിസ് വെരിഫികേഷൻ റിപ്പോര്ട്ട് , ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുമുള്ള എൻ ഓ സി, സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം സംബന്ധിച്ച വിവരങ്ങൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഒരു വർഷ കാലാവധിക്കാണ്

ഇത് ലഭിക്കുന്നത്. താൽക്കാലിക ലൈസൻസും ചെറിയ കാലയള വിലേക്ക് ലഭിക്കും.

### 15. ഫയർ ആൻഡ് റെസ്ക്യൂ സർവിസസ്

300 സ്ക്വയർ മീറ്റർ വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കു അനുമതി ആവശ്യമില്ല. 300 സ്ക്വയർ മീറ്റർ മുതൽ 1000 സ്ക്വയർ മീറ്റർ വരെ യുള്ള 15 മീറ്ററിൽ അധികരിക്കാത്ത കെട്ടിടങ്ങൾക്കു സെൽഫ് ഡിക്ലറേ ഷനും ഫയർ എഞ്ചിനീയർ/ ആർക്കിടെക്റ്റിൻറെ സർട്ടിഫിക്കറ്റോടു കൂടി അപേക്ഷിക്കണം. 1000 ലധികം സ്ക്വയർ മീറ്റർ വിസ്തൃതിയുള്ളതും 15 മീറ്ററിലധികം പൊക്കമുള്ളതുമായ കെട്ടിടങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ഫയർ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അപേക്ഷ യോടൊപ്പം നിശ്ചിത ഫീസ് അടച്ചുകെട്ടിടം നിർമിക്കാനുദ്ദേശിക്കുന്ന സ്ഥലപരിധിയിലെ സ്റ്റേഷൻ ഓഫീസിർക്ക് അപേക്ഷ സമർപ്പിക്കണം.

ബഹുനില കെട്ടിടങ്ങൾക്ക് KMBR / KPBR പ്രകാരം Fire and Rescue Department ൽ നിന്നും NOC ലഭിക്കുന്നതിനുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകേണ്ടതില്ല. കെട്ടിട ഉടമസ്ഥ് പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട സ്റ്റേഷൻ ഓഫീസർമാർക്ക് നേരിട്ട് നൽകാവുന്നതാണ്. ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്, സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ എന്നിവ പിൻവലിക്കുകയും NOC (for Building Permit), NOC(Completion) എന്നിവഏർപ്പെ ടുത്തുകയും ചെയ്തു.

Ref:-Standing Order No 9/2020 ( F2-5772/2020 dtd 09/09/2020) of Kerala Fire and Rescue Department.

### 16. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്മെന്റിൽ നിന്നുള്ള അനുമതി

മരുന്ന്, ആയുർവേദ മരുന്നുകൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ, സംഭരണ, വിതരണ സ്ഥാപനങ്ങൾക്കുള്ള അനുമതി ഇവിടെ നിന്നും ലഭിക്കു ന്നു. നിർമ്മാണ അനുമതി സംസ്ഥാന തല ഓഫീസിൽ നിന്നും മറ്റ് അനുമതികൾ അതതു മേഖല ഓഫീസിൽ നിന്നും ലഭിക്കും.

### 17. വനം വകുപ്പ്

ചെറുകിട മര അധിഷ്ഠിത വ്യവസായങ്ങൾ, ഇറക്കുമതി തടി ഉപയോഗിച്ച്പ്രവർത്തിക്കുന്ന യൂണിറ്റുകൾ, ആശാരിപ്പണി, തടി പ്രോസിസ്സിംഗ് തെങ്ങ്/പന അധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് വനം വകുപ്പിന്റെ ലൈസൻസ് ആവശ്യമാണ്

**അപേക്ഷ എങ്ങനെ സമർപ്പിക്കാം**

തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിന്റെ അനുമതി എന്നിവ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം മതിയായ ഫീസ് സഹിതം ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കണം.

ലൈസൻസ് പുതുക്കുന്നതിനും കൈമാറുന്നതിനും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ല വനം വകുപ്പ് ഓഫീസിർക്ക് സമർപ്പിക്കണം.

ലൈസൻസ് പുതുക്കുന്നതിന് കാലാവധി പൂർത്തിയാകുന്നതിനു 3 മാസം മുൻപ് അപേക്ഷിക്കണം. മര അധിഷ്ഠിത സ്ഥാപനങ്ങളുടെ ജില്ലാന്തരമാറ്റത്തിനു സംസ്ഥാന തല കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.forest.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. നിലവിൽ പുതിയതായി തടി മില്ലുകൾക്ക് അനുമതിനൽകുന്നില്ല

| തരം | LSG | PCB | FSSAI | DC | EXCISE | AGRI | M&G | EXPLO | FOREST | DMO | GWD | LM | EI | GST | FAB |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 2. എഞ്ചിനീയറിംഗ് | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 3. കമ്പ്യൂട്ടർആൻഡ് ഐ ടി | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 4. റബ്ബർ | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 5. കെമിക്കൽ | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 6. പ്ളാസ്റ്റിക് | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 7. ഭക്ഷ്യവസ്തുക്കൾ | YES | YES | YES | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 8. പ്രിന്റിങ് | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 9. ഫാർമസ്യൂട്ടിക്കൽസ് | YES | YES | NO | YES | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 10. ആയുർവേദഉത്പന്നങ്ങൾ | YES | YES | NO | YES | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 11. വളംകീടനാശിനി | YES | YES | NO | NO | NO | YES | NO | NO | NO | NO | NO | * | ** | *** | # |
| 12. കുടിവെള്ളം | YES | YES | YES | NO | NO | NO | NO | NO | NO | NO | YES | * | ** | *** | # |
| 13. സ്പിരിറ്റ്അധിഷ്ഠിതം | YES | YES | NO | NO | YES | NO | NO | NO | NO | NO | NO | * | ** | *** | # |
| 14. കെട്ടിടനിർമ്മാണ വസ്തുക്കൾ | YES | YES | NO | NO | NO | NO | NO | NO | NO | NO | NO | * | ** | *** | # |
| 15. മരഅധിഷ്ഠിതം | YES | YES | NO | NO | NO | NO | NO | NO | YES | NO | NO | * | ** | *** | # |
| 16. ആശുപത്രികൾ, ലാബുകൾ | YES | YES | NO | NO | NO | NO | NO | NO | NO | YES | NO | * | ** | *** | # |
| 17. സ്ഫോടകവസ്തുക്കൾ | YES | YES | NO | NO | NO | NO | NO | YES | NO | NO | NO | * | ** | *** | # |
| 18. മണ്ണ്പാറ ഖനനം | YES | YES | NO | NO | NO | NO | YES | NO | NO | NO | NO | * | ** | *** | # |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഉത്പന്നം പാക്ക് ചെയ്തു വിൽക്കുന്ന എല്ലാവർക്കും ബാധകം | * | | | | | | | | | | |
| 10KVA ക്ക് മുകളിൽജനറേറ്റർ, സോളാർ പനെലുകൾ എന്നിവ ഉപയോഗിക്കുന്നവർക് | ** | | | | | | | | | | |
| സേവന മേഖലയിൽ 20 ലക്ഷവും ഉൽപാദന മേഖലയിൽ 40 ലക്ഷവും വാർഷിക വിറ്റു വരവ് കവിഞ്ഞാൽനിർബന്ധം, | *** | | | | | | | | | | |
| വ്യവസ്ഥകൾക്കനുസരിച്ചു | # | | | | | | | | | | |
| പൊല്യൂഷൻകൺട്രോൾ ബോർഡ് PCB | മൈനിങ്ആൻഡ് ജിയോളജി | | M&G | | എക്സൈസ് | | | EXCISE | | | |

| | | | |
|---|---|---|---|
| തദ്ദേശസ്വയം ഭരണം | LSG | ഇലക്ട്രിക്കൽഇൻസ്പെക്ടറേറ്റ് | EI |
| ഫാക്ടറീസ്ആൻഡ് ബോയ്ലേഴ്സ് | FAB | എക്സ്പ്ലോസീവ് | EXPLO |
| ഭക്ഷ്യസുരക്ഷ | FSSAI | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെൻറ് | GWD |
| അഗ്രികൾച്ചറൽ | AGRI | ലീഗൽമെട്രോളജി വകുപ്പ് | LM |

## ലൈസൻസുമായി ബന്ധപ്പെട്ട സംരംഭകർക്ക് ഉണ്ടാകാവുന്ന സംശയങ്ങൾ ചുവടെ ചേർക്കുന്നു.

**1. സംരംഭങ്ങൾ ആരംഭിക്കുന്നതിനു ലൈസൻസ് ആവശ്യമാണോ?.**

സംരംഭത്തിന്റെ സ്വഭാവം അനുസരിച്ചു കേന്ദ്ര സംസ്ഥാന വകുപ്പുകളുടെ വിവിധ ലൈസൻസുകൾ എടുക്കേണ്ടതുണ്ട്. എന്നിരികിലും ഈസ് ഓഫ് ദൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ചില സംരംഭങ്ങൾക്ക് ഇളവു നൽകിയിട്ടുണ്ട്.

**2. ലൈസൻസ് ആവശ്യമില്ലാത്ത സംരംഭങ്ങൾ ഏതൊക്കെ?**

5 HP യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നതും വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ളതുമായ നാനോ/ഗാർഹിക സംരംഭങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. Ref. GO(Rt)No 160/2020/LSGD dated 21/01/2020. സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായ മറ്റു ലൈസൻസുകൾ എടുക്കണം. ഉദാഹരണം: മലിനികരണ നിയന്ത്രണ ബോർഡ്, ഫുഡ് സേഫ്റ്റി തുടങ്ങിയ കേന്ദ്ര നിയമ പ്രകാരം ആവശ്യമായ ലൈസൻസുകൾ.

**3. പഞ്ചായത്ത് ലൈസൻസ് എടുക്കാതെ ഒരു സംരംഭം ആരംഭിക്കാൻ സാധിക്കുമോ?**

നാനോ/ ഗാർഹിക സംരംഭങ്ങളെ തദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്ന 10 ഓളം ലൈസൻസുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മറ്റു അർഹതയുള്ള സംരംഭങ്ങൾക്ക് www.kswift.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്വയം സാക്ഷ്യപ്പെടുത്തി Acknowledgement എടുത്തു സംരംഭം ആരംഭിക്കാവുന്നതാണ് . ഇതിനു 3 വർഷ കാലാവധി ഉള്ളതും അതിനു ശേഷം ആറു മാസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുമാണ്.

**4. വീടുകളിൽ സംരംഭം ആരംഭിക്കുന്നതിന് എന്തൊക്കെ ലൈസൻസ് ആവശ്യമാണ്?**

HP യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന സംരംഭമാണെങ്കിൽ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ല. എങ്കിലും മലിനീകരണ

നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. MSME വകുപ്പിന്റെ ഉദ്യം രജിസ്ട്രേഷനും സംരംഭം എടുത്തിരിക്കണം. ഭക്ഷ്യ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾക്ക് FSSAI രജിസ്ട്രേഷൻ ആവശ്യമാണ്.

**5. കെ സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് ആർക്കൊക്കെ എടുക്കാം?**

പുതുതായി ആരംഭിക്കുന്നതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് വിഭാഗത്തിൽ ഉൾപെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭങ്ങൾക്ക് കെസ്വിഫ്റ്റ് വഴി അക്നോളഡ്ജ്മെന്റ് എടുക്കാം.

**6. കെ സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് വഴിയുള്ള ആനുകൂല്യം ലഭികാത്ത സംരംഭങ്ങൾ ഏതൊക്കെ?**

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻറെ "ചുവപ്പ്" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംരംഭങ്ങൾ, സൂക്ഷ്മ–ചെറുകിട-ഇടത്തരം ആല്ലാത്തസംരംഭങ്ങൾ, നെൽവയൽ/തണ്ണീർതടനിയമ പ്രകാരം തടസമുള്ള സ്ഥലത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ.

കൂടാതെ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

**7. കെസ്വിഫ്ട് മുഖാന്തിരം അക്നോലെഡ്ജ്മെന്റ് എടുക്കുന്നതിനു ഫീസ് ഉണ്ടോ?**

ഉണ്ട്. നിക്ഷേപ തുകയുടെ 0.01 ശതമാനം ഫീസ് ഓൺലൈൻ ആയി ഒടുക്കണം.

**8. സംരംഭം തുടങ്ങുന്നതിനു ആവശ്യമായ ഓരോ ലൈസൻസും എടുക്കാൻ പ്രത്യേകം ഓഫീസുകളിൽ പോകേണ്ടതുണ്ടോ?**

ഇല്ല, കെ സ്വിഫ്റ്റ് പോർട്ടൽ മുഖേനെ ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്ത് ഓരോ വകുപ്പുകളിലേക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 280 രൂപയാണ് അപേക്ഷ ഫീസ്. വിവിധ ലൈസൻസുകളുടെ അപേക്ഷ ഫീസ് പ്രത്യേകമായി ഒടുക്കേണ്ടതാണ്.

**9. ഉദ്യം രജിസ്ട്രേഷൻ എന്നാൽ എന്താണ്?**

കേന്ദ്ര സർക്കാറിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള രജിസ്ട്രേഷൻ ആണിത് (**01/07/2020** മുതൽ)

**10. ഉദ്യം രജിസ്ട്രേഷൻ ആർക്കൊക്കെഎടുക്കാം**

ഉത്പാദന- സേവന- മേഖലയിലെസൂക്ഷ്മ–ചെറുകിട-ഇടത്തരം ആയ എല്ലാ  സംരംഭങ്ങൾക്കും, കൂടാതെ കച്ചവട സംരംഭങ്ങൾക്കും എടുക്കാം(**02/07/2021** മുതൽ രജിസ്ട്രേഷൻ എടുക്കാം)

**11. ഉദ്യം രജിസ്ട്രേഷൻ എങ്ങനെ എടുക്കാം**

www.udyamregistration.gov.in എന്ന വെബ്സൈറ്റ് മുഖേന സൗജന്യമായി എടുക്കാം.

# നിങ്ങൾക്കും സംരംഭകനാകാം

# സഹായിക്കാൻ സർക്കാർ പദ്ധതികൾ

നിങ്ങൾ സ്വന്തമായി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളാണോ? നിങ്ങളെ സഹായിക്കാൻ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയുംനിരവധി പദ്ധതികൾ നിലവിലുണ്ട്. സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കുള്ള ഒരു മാർഗദർശിയാണ് ഈ കൈപുസ്തകം.

ഏതൊരു സംരംഭം തുടങ്ങുന്നതിനും മൂലധനംആവശ്യമാണ് മൂലധനം സ്വരൂപിക്കുന്നത് പ്രധാനമായുംമൂന്നു തരത്തിലാണ്

1. സംരംഭകന്റെ സ്വന്തം വിഹിതം
2. വായ്പ
3. സർക്കാർ വകുപ്പുകളിൽ/ഏജൻസികളിൽനിന്നുമുള്ള ഗ്രാൻറ്, സബ്സിഡി തുടങ്ങിയവ

സംരംഭകർക്ക് മൂലധനം സ്വരൂപിക്കുന്നതിനുള്ള വിവിധ പദ്ധതികളെ കുറിച്ച് മനസ്സിലാക്കുന്നതിനും നിലവിലുള്ള പദ്ധതികളിൽ നിന്നും തനിക്ക് ഏറ്റവും അനുയോജ്യമായ പദ്ധതി ഏതെന്ന് തിരഞ്ഞെടുക്കുന്നതിനും ഈ പുസ്തകം സഹായിക്കുന്നു.

## നിങ്ങളുടെ സംരംഭത്തിനു അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള സൂചകം

| സംരംഭത്തിന്റെ തരം | വിഭാഗം | അനുയോജ്യമായ പദ്ധതികൾ | | പദ്ധതികളുടെ ക്രമ നമ്പർ |
|---|---|---|---|---|
| | | വായ്പാ ബന്ധിതം | വായ്പ നിർബന്ധമല്ലാ ത്തവ | |
| ഉത്പാദനം, സേവനം, ട്രേഡിംഗ് | പട്ടിക ജാതി / വർഗം മാത്രം | പട്ടിക ജാതി/ വർഗ വികസന വകുപ്പ്, കോർപറേഷൻ എന്നിവയുടെ പദ്ധതികൾ | | 24,30 |
| | OBC, മത ന്യുന പക്ഷം മാത്രം | പിന്നാക്ക വിഭാഗ വികസന കോർപറേഷൻ പദ്ധതികൾ | | 15,16 |
| | പ്രൊഫഷണലുകൾക്ക് | പിന്നാക്ക വിഭാഗ വികസന കോർപറേഷൻ പദ്ധതികൾ | | 18 |
| | മത ന്യുന പക്ഷം മാത്രം | ന്യുന പക്ഷ വികസന കോർപറേഷൻ പദ്ധതി | | 15,16,,19,20 |
| | വനിതകൾക്ക് മാത്രം | വനിത വികസന കോർപറേഷൻ, കുടുംബശ്രീ | കുടുംബശ്രീ | 8,9,55,56 |
| | മുതിർന്ന പൗരന്മാർക്ക് മാത്രം | എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് നവ ജീവൻ | | 14 |
| | വിധവകൾ, വികലാംഗർ, അവിവാഹിതരായ അമ്മമാർ, അവിവാഹിതർ | എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് കൈവല്യ, ശരണ്യ | | 12,13 |

| | | | | |
|---|---|---|---|---|
| ഉത്പാദനം | എല്ലാ വിഭാഗ ങ്ങൾക്കും | മാർജിൻ മണി ഗ്രാൻറ് ടു നാനോ യുണിറ്റ്, PMEGP, PMFME, KFC, KSIDC, എന്റെ ഗ്രാമം | ESS | 1,2,3,6,7,31-37,38-40 |
| ഉത്പാദനം | കര കൗശല വിദഗ്ധർ | ആശ | | 4 |
| സേവനം | എല്ലാ വിഭാഗ ങ്ങൾക്കും | PMEGP, മാർജിൻ മണി ഗ്രാൻറ് ടു നാനോ യുണിറ്റ്, KFC, KSIDC, എന്റെ ഗ്രാമം | | 1,2,3,6,7,31-37, 38-40 |
| ട്രേഡിംഗ് | എല്ലാ വിഭാഗ ങ്ങൾക്കും | KFC, NORKA, എംപ്ലോ യ്മെന്റ് എക്സ്ചേഞ്ച് | | 10,11,23,31-37, |
| ഉത്പാദനം, സേവനം, ട്രേഡിംഗ് | പ്രവാസികൾക്ക് മാത്രം | പ്രവാസി ഭദ്രത PEARL MEGA, MICRO, NDPREM | | 23 |
| ഉത്പാദനം, സേവനം, ട്രേഡിംഗ് മേഖ ലയിലെ സ്റ്റാർട്ട് അപ്പുകൾക്ക് | എല്ലാ വിഭാഗ ങ്ങൾക്കും | കേരള സ്റ്റാർട്ട് അപ്പ് മിഷൻ, DPIIT | കേരള സ്റ്റാർട്ട് അപ്പ് മിഷൻ, DPIIT | 42,43,46 |
| പശു വളർ ത്തൽ സംരംഭം | എല്ലാ വിഭാഗ ങ്ങൾക്കും | | ക്ഷീര വികസന വകുപ്പ് | 57 -59 |

# സംരംഭർക്കുള്ള പ്രധാനപ്പെട്ട സഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു

## വ്യവസായ വാണിജ്യ വകുപ്പ്

### 1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മാണി ഗ്രാന്റ്

ഉല്പാദനമേഖലയിലും, സേവനമേഖലയിലുംആകെമുതൽമുടക്ക് 10 ലക്ഷംരൂപവരെയുള്ളസംരംഭങ്ങൾക്ക്ഈപദ്ധതിയുടെസഹായംലഭിക്കും.വായ്പാബന്ധിതപദ്ധതിയാണിത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് |
|---|---|---|---|
| പൊതുവിഭാഗം | 30% | 40% | 30% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്ന ശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, വിമുക്തഭടന്മാർ യുവസംരംഭകർ (40 വയസ്സ് വരെ)) | 20% | 40% | 40% |

### 2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉത്പാദനവും വർദ്ധിപ്പ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 25 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 10 ലക്ഷംരൂപവരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. 10 ലക്ഷത്തിൽ കൂടുതലുള്ള ഉൽപ്പാദന സംരംഭങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭങ്ങൾക്കും സംരംഭകൻ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ല വ്യവസായകേന്ദ്രം ,KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

**3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)**

ഉൽപ്പാദന മേഖലയിൽ സൂക്ഷ്മ –ചെറുകിട–ഇടത്തരംവ്യവസായസംരംഭങ്ങൾക്ക്മൂന്ന്ഘട്ടങ്ങളിലായിസാമ്പത്തികസഹായം നൽകുന്നു.

i)സ്റ്റാർട്ടപ്പ് സപ്പോർട്ട്–ധനകാര്യസ്ഥാപനങ്ങളിൽനിന്നുംവായ്പഎടുത്ത്ആരംഭിക്കുന്നസ്ഥാപനങ്ങൾക്ക്നിക്ഷേപസഹായത്തിന്റെ50% പരമാവധി (മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.

ii)നിക്ഷേപ സഹായം - സ്ഥിര നിക്ഷേപങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകുന്നതാണ്.

| ക്രമ നമ്പർ | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 30 ലക്ഷം രൂപ) |
| 2 | വനിത/എസ്.സി/എസ്.ടി/ യുവസംരംഭകർ/NRK | 25% (പരമാവധി 40 ലക്ഷം രൂപ) |
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു |
| 4 | പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു |

iii).സാങ്കേതിക വിദ്യാ സഹായം –സർക്കാർഅംഗീകൃതസ്ഥാപനങ്ങളിൽനിന്ന്സാങ്കേതികവിദ്യകരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% അധിക സബ്സിഡി നൽകുന്നു (പരമാവധി 10 ലക്ഷം രൂപ).

## 4. ആശ (ASHA- Assistant Scheme For Handicraft Artisans)

കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

| ഗുണ ഭോക്താവിന്റെ വിഭാഗം | സഹായം (സ്ഥിര നിക്ഷേപത്തിന്റെ) |
|---|---|
| ജനറൽ | 40% പരമാവധി 2 ലക്ഷം |
| യുവാക്കൾ (18-45 വയസ്സുള്ളവർ), സ്ത്രീകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം | 50% പരമാവധി 3 ലക്ഷം |

**അപേക്ഷകൻ കരകൗശല വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിരിക്കണം.

## 5. നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി--

സ്ഥിര മൂലധന നിക്ഷേപം 10 ലക്ഷത്തിൽ താഴെയുള്ളതും വൈദ്യുതി ലോഡ് 5HP വരെയുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ് , ഗ്രീൻ കാറ്റഗറിയിൽ വരുന്നതുമായ ഉൽപ്പാദന/സേവന സംരംഭങ്ങൾ.

- നാനോ സംരംഭങ്ങളുടെ സ്ഥിര മൂലധന വായ്പയിലെ അടച്ച പലിശയുടെ6% മുതൽ 8% വരെ താങ്ങ് പലിശയായി തുടർച്ചയായി 3 വർഷം തിരികെ നൽകുന്നു.
- പൊതു വിഭാഗത്തിന് 6%, വനിത, എസ്.സി/എസ്.ടി വിഭാഗത്തിന് 8% പലിശ തിരികെ നൽകുന്നു.

## 6. പി എം എഫ് എം ഇ (PMFME – PM Formalisation of Micro Food Processing Enterprises)

കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

- പദ്ധതി ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനമാണ് സ്വീകരിക്കുന്നത്(ODOP)

- സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നവായ്പാബന്ധിതപദ്ധതിയാണിത്.

# ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

### 7. എന്റെ ഗ്രാമംപദ്ധതി

- KVIB വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- പരമാവധി പദ്ധതി തുക 5 ലക്ഷം.
- ഗ്രാമ പ്രദേശത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽമുടക്ക് | ബാങ്ക് വായ്പ | സബ്ഡി നിരക്ക് |
|---|---|---|---|
| പൊതുവിഭാഗം | 10% | 90% | 25% |
| പിന്നാക്ക വിഭാഗം / വനിത | 5% | 95% | 30% |
| എസ്.സി/എസ്.ടി | 5% | 95% | 40% |

# കുടുംബശ്രീ

### 8. റൂറൽ മൈക്രോ എൻറർപ്രൈസസ്

കുടുംബശ്രീയിലുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് ആകെ പദ്ധതിച്ചിലവിന്റെ 50 ശതമാനമോ ഒരു അംഗത്തിന് പരമാവധി 10000 രൂപയോ ഈ സ്കീം വഴി സബ്സിഡിയായി ലഭിക്കും. 50000 രൂപ വരെ മുടക്കു മുതലുള്ള വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചിലവിന്റെ 30 ശതമാനം പരമാവധി 7500 രൂപ വരെ സബ്സിഡിയായി ലഭിക്കുന്നു.

### 9. യുവശ്രീ

വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചിലവിന്റെ മൂന്നിലൊന്ന് പരമാവധി 7500 രൂപ വരെ സബ്സിഡിയായി ലഭിക്കുന്നു. കുടുംബശ്രീയിലുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് ആകെ പദ്ധതിച്ചിലവിന്റെ 50 ശതമാനമോ ഒരു അംഗത്തിന് പരമാവധി 10000 രൂപയോ ഈ സ്കീം വഴി സബ്സിഡിയായി ലഭിക്കും.

# ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്

## 10. കെസ്രു(KESRU)

എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്.

- 100000 രൂപ വരെ മുടക്ക് മുതലുള്ള സംരംഭങ്ങൾക്ക് 20 ശതമാനം സബ്സിഡി ലഭിക്കും .
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെ
- ഗുണഭോക്തൃ വിഹിതം നിർബന്ധമില്ല

## 11. മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്

21 നും 45 നും ഇടയിൽ പ്രായമുള്ള രണ്ടു മുതൽ അഞ്ചു വരെ അംഗങ്ങളുള്ള ഗ്രൂപുകൾക്കുള്ള പദ്ധതിയാണിത്.

- പരമാവധി പദ്ധതി തുക 10 ലക്ഷം രൂപ വരെ
- സബ്സിഡി നിരക്ക് 25 ശതമാനം പരമാവധി 2 ലക്ഷം
- അംഗങ്ങൾ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെ
- ഗുണഭോക്തൃ വിഹിതം 10 ശതമാനം
- മൾട്ടി പർപസ് ജോബ് ക്ലബ്ബ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളവരെ പിന്നീട് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് പരിഗണിക്കുന്നതല്ല

## 12. ശരണ്യ പദ്ധതി

18 നും 55 നും ഇടയിൽ പ്രായമുള്ള വിധവകൾ, അവിവാഹിതരായ അമ്മമാർ/ സ്ത്രീകൾ എന്നിവർക്ക് 50,000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെ
- വായ്പ 60 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കണം
- സബ്സിഡി 50 ശതമാനം പരമാവധി 25000 രൂപ

## 13. കൈവല്യ പദ്ധതി

21 നും 55 നും ഇടയിൽ പ്രായമുള്ള ഭിന്ന ശേഷിക്കാരുടെ പുനരധിവാസത്തിനുള്ള ഒരു സമഗ്ര പദ്ധതിയാണിത് പ്രോജക്ടിന്റെ പ്രായോഗികത പരിഗണിച്ച്. 50000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നൽകുന്നു

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെ
- സബ്സിഡി 50 ശതമാനം

### 14. നവ ജീവൻ പദ്ധതി

**50 നം 65 നം മദ്ധ്യേ പ്രായമുള്ള എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത മുതിർന്ന പൗരന്മാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്**

- അപേക്ഷകന്റെ വ്യക്തിഗത വാർഷിക വരുമാനം 1 ലക്ഷം രൂപ വരെ
- വ്യക്തിഗത വായ്പ തുക പരമാവധി 50000 രൂപയാണ്
- സബ്സിഡി 25 ശതമാനം
- ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാം

## കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ

### 15. കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ (ദേശീയ പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെയും ദേശീയ ന്യുന പക്ഷ വികസന കോർപറേഷന്റെയും സഹായത്തോടെ)

പട്ടിക ജാതി/വർഗം ഒഴികെയുള്ള പിന്നാക്ക വിഭാഗത്തിൽ പെട്ടവർക്കും മത ന്യുന പക്ഷ വിഭാഗത്തിൽ പെട്ടവർക്കും വേണ്ടിയുള്ള സ്വയം തൊഴിൽ ആരംഭിക്കുന്നതിനു പലിശ ഇളവു നൽകുന്ന പദ്ധതിയാണിത്

| പരമാവധി വായ്പ തുക | ഒബിസി വിഭാഗം | മത ന്യുന പക്ഷം | |
|---|---|---|---|
| | | പദ്ധതി 1 | പദ്ധതി 2 |
| | 15 ലക്ഷം | 20 ലക്ഷം | 30 ലക്ഷം |
| കുടുംബ വാർഷിക വരുമാനം | 3 ലക്ഷം രൂപ വരെ | ഗ്രാമവാസി 98000 രൂപ വരെ | |
| നഗരവാസി 120000 രൂപ വരെ | 8 ലക്ഷം രൂപ വരെ | | |
| പ്രായ പരിധി | 18 മുതൽ 55 വരെ | 18 മുതൽ 55 വരെ | 18 മുതൽ 55 വരെ |
| പലിശ നിരക്ക് | 5 ലക്ഷം രൂപ വരെ 6 ശതമാനം 5 ലക്ഷം രൂപക്ക് മുകളിൽ 7 ശതമാനം | 6 ശതമാനം | സ്ത്രീകൾ 6 ശതമാനം പുരുഷന്മാർ 8 ശതമാനം |

| | | | |
|---|---|---|---|
| തിരിച്ചടവ് കാലാവധി | 2 ലക്ഷം രൂപ വരെ 5 വർഷം<br><br>2-5 ലക്ഷം രൂപ വരെ 6 വർഷം<br>5 ലക്ഷത്തിനു മുകളിൽ 7വർഷം | 5 വർഷം | 5 വർഷം |

കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ (തനത് പദ്ധതികൾ )

### 16. പ്രവർത്തന മൂലധന വായ്പ:

നിലവിലുള്ള സ്ഥാപനങ്ങൾകേരള പിന്നാക്ക വിഭാഗ വികസന കോർപറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധികഴിഞ്ഞതിന് ശേഷം പ്രവർത്തന മൂലധനമായി 3 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു

- വാർഷിക പലിശ നിരക്ക് 7 %
- വായ്പ തിരിച്ചടവ് കാലാവധി 6 വർഷം
- പ്രായപരിധി 18 -55
- കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെ

### 17. ബിസിനസ് ഡവലപ്മെന്റ് ലോൺ

നിലവിലുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനു 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു

- വാർഷിക പലിശ നിരക്ക് 8 %
- വായ്പ തിരിച്ചടവ് കാലാവധി 6 വർഷം
- പ്രായപരിധി 18 -60
- കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ

### 18. പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ്പ് വായ്പ:

ഒ.ബി.സി വിഭാഗത്തിൽ പെട്ട 40 വയസ്സിൽ കവിയാത്ത പ്രൊഫഷണലുകൾക്ക് (MBBS, BDS, BAMS, MSMS, B-TECH, BHMS, B ARCH,BIO TECHNOLOGY, BCA, LLB, FOOD TECHNOLOGY, VETERNARY SCIENCE, BSC AGRICULTURE, B PHAM, FINE ARTS, DIARY SCIENCE, etc വിജ

യിച്ചവർ ആയിരിക്കണം) സംരംഭം ആരംഭിക്കുന്നതിനുള്ള വായ്പ പദ്ധതിയാണിത് പരമാവധി വായ്പ തുക 20 ലക്ഷം. വായ്പ തുകയുടെ 20 % (പരമാവധി 2 ലക്ഷം രൂപ) സബ്സിഡി ലഭിക്കും.

| പദ്ധതിയുടെ പേര് | പരമാവധി വായ്പ തുക | പലിശ നിരക്ക് * | തിരിച്ചടവ് കാലാവധി |
|---|---|---|---|
| സ്റ്റാർട്ട് അപ്പ് വായ്പ | 20 ലക്ഷം | 5 ലക്ഷം വരെ 6 %<br>5-10 ലക്ഷം വരെ 7 %<br>10 ലക്ഷത്തിനു മുകളിൽ 8 % | 2 ലക്ഷം രൂപ വരെ 5 വർഷം<br>2-5 ലക്ഷം രൂപ വരെ 6വർഷം<br>5 ലക്ഷത്തിനു മുകളിൽ 7വർഷം |

*വായ്പ കൃത്യമായി തിതിരിച്ചടക്കുന്നവർക്ക് പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.

## കേരള സംസ്ഥാന ന്യൂന പക്ഷ വികസന കോർപറേഷൻ

### 19. ന്യൂനപക്ഷങ്ങൾക്കുള്ള സ്വയം തൊഴിൽ വായ്പാ

15 ലക്ഷത്തിൽ കുറവ് വാർഷിക വരുമാനമുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 18 നും 58 വയസ്സിനുമിടയിൽ പ്രായ പരിധിയുള്ളവർക്ക് കുറഞ്ഞ പലിശ നിരക്കിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും.

### 20. ക്രെഡിറ്റ് ലൈൻ 1

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് പദ്ധതി ചിലവിന്റെ 95 ശതമാനം പരമാവധി 20 ലക്ഷം രൂപ വരേയും വായ്പ ലഭ്യമാകും. ഗ്രാമ പ്രദേശത്ത് 980000 രൂപയും നഗര പ്രദേശത്ത് 120000 രൂപ വരേയും ആണ് കൂടിയ കൂടുംബ വാർഷിക വരുമാനം.

### 21. ക്രഡിറ്റ് ലൈൻ 2

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് പദ്ധതി ചിലവിന്റെ 95 ശതമാനം പരമാവധി 30 ലക്ഷം രൂപ വരേയും വായ്പ ലഭ്യമാകും. കുടുംബ വാർഷിക വരുമാനം ആറ് ലക്ഷം രൂപയിൽ താഴെ ആവണം.

### 22. ബിസിനസ് ഡവലപ്മെൻ ലോൺ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് പദ്ധതി ചിലവിന്റെ 95 ശതമാനം പരമാവധി 5 ലക്ഷം രൂപ വരേയും വായ്പ ലഭ്യമാകും.. കുടുംബ വാർഷിക വരുമാനം 15 ലക്ഷത്തിൽ താഴെയുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അവസരം.

## നോർക്ക (NORKA-NON RESIDENT KERALITES AFFAIRS DEPARTMENT)

### 23. പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്കനടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ.

| പദ്ധതിയുടെ പേര് | വായപ്പാതുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | നടപ്പിലാക്കുന്ന ഏജൻസി | ഗുണഭോക്താവ് |
|---|---|---|---|---|---|
| പ്രവാസി ഭദ്രത – PEARL | പ്രൊജക്റ്റ് തുകയുടെ 75% പരമാവധി 2 ലക്ഷം രൂപ | പലിശ ഇല്ല | 2 വർഷം | കുടുംബശ്രീ | കോവിഡ് കാരണം ജോലി നഷ്ട പ്പെട്ട് തിരിച്ചുവന്ന പ്രവാസികൾ, കുടുംബശ്രീ കുടുംബാംഗം, രണ്ട് വർഷമെങ്കിലും വിദേശത്ത്ജോലി ചെയ്ത് തിരിച്ചുവന്ന പ്രവാസി. |

| | | | | | |
|---|---|---|---|---|---|
| പ്രവാസി ഭദ്രത – MEGA | 25 ലക്ഷം മുതൽ 2 കോടി വരെ | 8.25 – 8.75, ആദ്യ 4 വർഷം 3.25 മുതൽ 3.75 വരെ പലിശ ഇളവ് NORKA ROOTS നൽകും | | KSIDC | NRI/NRK |
| പ്രവാസി ഭദ്രത – MICRO | 5 ലക്ഷം വരെ , മൂലധന വായ്പയുടെ 25 % പരമാവധി 1 ലക്ഷം രൂപ സബ്സിഡി ലഭിക്കും ` | ആദ്യ 4 വർഷം 3ശതമാനം പലിശ ഇളവ് NORKA ROOTS നൽകും | | KSFE | തിരിച്ചുവന്ന പ്രവാസികൾ |
| NDPREM | 30 ലക്ഷം രൂപ വരെ കൃത്യമായി തിരിച്ചടക്കുന്ന വർക്ക് മൂലധന വായ്പയുടെ 15% പരമാവധി 1 ലക്ഷം രൂപ സബ്സിഡി ലഭിക്കും | ആദ്യ 4 വർഷം 3ശതമാനം പലിശ ഇളവ് NORKA ROOTS നൽകും. | | തിരഞ്ഞെടുത്ത ബാങ്കുകൾ മുഖേന | വ്യവസായം ,കൃഷി ,കച്ചവടം, സേവനം തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്ന പ്രവാസികൾക്ക് |

# പട്ടിക ജാതി വികസന വകുപ്പ്

### 24. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്

- വായ്പാ തുകയുടെ 1/3 പരമാവധി 1 ലക്ഷം രൂപ വ്യക്തികൾക്കും 3.5 ലക്ഷം രൂപ ഗ്രൂപ്പുകൾക്കും സബ്സിഡി ആയി നൽകുന്നു
- എഴാം ക്ലാസ് പാസ് ആയിരിക്കണം
- വരുമാന പരിധിയില്ല

# പട്ടിക ജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ

### 25. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് മൂന്ന് ലക്ഷം രൂപ വരെയും ഗ്രൂപ്പുകൾക്ക് 50 ലക്ഷം രൂപ വരെയും പ്രൊജക്റ്റ് തുക വരുന്ന സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്

- 5 ലക്ഷം രൂപ വരെ 6% പലിശ  അതിനു മുകളിൽ 8%
- തിരിച്ചടവ് കാലാവധി പരമാവധി 7 വർഷം
- പ്രായം 18 മുതൽ . 55 വരെ
- മൂന്നിലൊന്ന് സബ്സിഡി
- വരുമാന പരിധി 3.5 ലക്ഷം രൂപ വരെ

### 26. സ്വയം തൊഴിലിനു വാഹനം വാങ്ങുന്ന പദ്ധതി

വ്യക്തികൾക്ക് സ്വയം  തൊഴിലിനായി വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്

- പലിശ -5 ലക്ഷം വരെ 7%, 5 ലക്ഷത്തിന് മുകളിൽ 9%വരെ
- തിരിച്ചടവ് കാലാവധി പരമാവധി 5  വർഷം
- പ്രായം 18 മുതൽ . 55 വരെ
- വരുമാന പരിധി 3.5 ലക്ഷം രൂപ വരെ

### 27. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ

- പദ്ധതി ചെലവ് 50 ലക്ഷം കവിയരുത്

- വ്യവസായം, വാണിജ്യം,കച്ചവടം, കൃഷി എന്നീ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാം
- പ്രായ പരിധി 18-55
- വരുമാന പരിധി 15 ലക്ഷം രൂപ വരെ
- തിരിച്ചടവ് കാലാവധി പരമാവധി 5 വർഷം
- പലിശ - 5 ലക്ഷം വരെ 7%, 5 ലക്ഷത്തിന് മുകളിൽ 9%വരെ

**28. ലഘു വ്യവസായ യോജന**

- പദ്ധതി ചെലവ് 4 ലക്ഷം കവിയരുത്
- പലിശ 6 %
- തിരിച്ചടവ് കാലാവധി പരമാവധി 5 വർഷം

**29. ലോൺ ഫോർ ട്രൈബൽ എൻട്രപ്രനർ**

- പദ്ധതി ചെലവ് 3 ലക്ഷം കവിയരുത്
- പലിശ 6 %
- തിരിച്ചടവ് കാലാവധി പരമാവധി 5 വർഷം

**30. ലോൺ ഫോർ സ്റ്റാർട്ട് അപ് എൻട്രപ്രണർ**

- പദ്ധതി ചെലവ് 50 ലക്ഷം കവിയരുത്
- പ്രായ പരിധി 18-55
- വരുമാന പരിധി 15 ലക്ഷം രൂപ വരെ
- തിരിച്ചടവ് കാലാവധി പരമാവധി 5 വർഷം
- പലിശ 7%വരെ

## കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)

**31. ടേം ലോൺ –** കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി പുതിയതും നിലവിലുള്ളതുമായ സംരംഭങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. വ്യക്തികൾക്ക് 8 കോടി വരെയും കോർപ്പറേറ്റ് കമ്പനികൾക്ക് 20 കോടി വരേയും ആണ് വായ്പ നൽകുന്നത്.

**32. വർക്കിങ്ങ് ക്യാപ്പിറ്റൽ ലോൺ –** സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിന്റെ 80 ശതമാനം വരേയും വായ്പ നൽകുന്നുണ്ട്.

**33. മോഡേണൈസേഷൻ സ്കീം. -** ഉൽപ്പാദന യൂണിറ്റുകൾക്കും, ആശു

പത്രികൾ, റിസോട്ടുകൾ, ഹോട്ടലുകൾ, മൾട്ടിപ്ലക്സുകൾ എന്നിവയ്ക്കും അവയുടെ പുനരുജ്ജീവനത്തിനും, വിപുലീകരണത്തിനും പദ്ധതി തുകയുടെ 90 ശതമാനം വരെ വായ്പ കിട്ടുന്നു.

**34. ഷോർട്ട് ടേം ലോൺ** – പുതിയതും നിലവിലുള്ളതുമായ സംരംഭങ്ങൾക്ക് പരമാവധി നാലു വർഷം വരെ തിരിച്ചടവുള്ള ഹ്രസ്വകാല വായ്പ നൽകുന്നുണ്ട്.

**35. സ്റ്റാർട്ടപ്പ് ലോൺ** – സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സർക്കാരിൽ നിന്നോ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നോ പർച്ചേസുകൾ നടത്തുന്നതിന് 10 കോടി വരെ വായ്പ നൽകുന്നുണ്ട്. UNO നിർദ്ദേശിക്കുന്ന സാമൂഹിക പ്രസക്തമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ഒരു കോടി രൂപ വരെസീഡ് വായ്പ നൽകുന്നുണ്ട്.

**36. വ്യവസായ എസ്റ്റേറ്റ് സ്പെഷ്യൽ സ്കീം** – വ്യവസായിക എസ്റ്റേറ്റുകളിൽ പുതുതായി സ്ഥാപിക്കപ്പെടുന്ന എം എസ് എം ഇ സ്ഥാപനങ്ങൾക്ക് പദ്ധതിച്ചിലവിന്റെ 75 ശതമാനം വരെ വായ്പ നൽകുന്നു. വ്യവസായിക എസ്റ്റേറ്റുകളിൽ നിലവിലുള്ള എം എസ് എം ഇ സ്ഥാപനങ്ങളുടെ നവീകരണം,വിപുലീകരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്ക് പദ്ധതിച്ചിലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്നു.

**37. CMEDP** – ഒരു കോടി വരെ പദ്ധതിചെലവ് വരുന്ന സംരംഭങ്ങൾക്ക് 5 ശതമാനം പലിശയിൽ ഒരു കോടി രൂപ വരെ വായ്പ. പദ്ധതിച്ചിലവിന്റെ 90 ശതമാനം വരെ വായ്പ ലഭിക്കും. തിരഞ്ഞെടുക്കുന്ന സംരംഭകർക്ക് പരിശീലനവും ലഭ്യമാക്കും.

## കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ (KSIDC)

**38. മുഖ്യ മന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി** – 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 10 ശതമാനം പലിശയിൽ ടേം ലോൺ സഹായമായി ലഭിക്കും. പ്രത്യേക സാഹചര്യങ്ങളിൽ അത് 5 കോടിരൂപവരെയാകാം.

**39. വി മിഷൻ** – ആകെ പദ്ധതിച്ചിലവിന്റെ 80 ശതമാനം പരമാവധി 25 ലക്ഷം രൂപ വരെ വനിതകൾക്ക് ലോൺ ആയി ലഭിക്കും.

**40. സീഡ് ഫണ്ടിങ്ങ്** – യുവ സംരംഭകർക്ക്അവരുടെ ഇന്നോവേറ്റീവ്

ആയ പ്രൊജക്ടുകൾക്ക് പദ്ധതി ചെലവിന്റെ 90 ശതമാനം, പരമാവധി 25 ലക്ഷം രൂപ വരെ സീഡ് ഫണ്ട് ആയി ലഭിക്കും.

## സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ(SIDBI)

**41.** യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം –5 വർഷം പ്രവർത്തന പരിചയമുള്ള, കഴിഞ്ഞ മൂന്നുവർഷം കുറഞ്ഞത് 5 കോടി രൂപവരെ വിൽപ്പന ഉള്ള യൂണിറ്റുകൾക്ക് യന്ത്രോപകരണങ്ങൾ വാങ്ങുവാൻ 100 ശതമാനം ലോൺ നൽകുന്നു.

## കേരളാ സ്റ്റാർട്ടപ്പ് മിഷൻ

**42. ഇന്നോവേഷൻ ഗ്രാൻറ് –** പ്രോട്ടോ ടൈപ്പ് തയ്യാറാക്കിയിട്ടുള്ള സ്റ്റാർട്ടപ്പുകൾക്ക് 2 ലക്ഷം രൂപ വരെ ധന സഹായം. ഉൽപ്പന്ന നിർമ്മാണത്തിലേക്ക് വന്നിട്ടുള്ള സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 7 ലക്ഷം വരെ ധന സഹായം. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നം വിപണിയിലെത്തിക്കുവാൻ വേണ്ടി 12 ലക്ഷം രൂപ വരെ ധന സഹായം.

**43. സീഡ് ഫണ്ട് –**6 ശതമാനം പലിശയോട്കൂടി 15 ലക്ഷം രൂപ വരെ ധന സഹായം. ഇതിന് 12 മാസം വരെ മൊറട്ടോറിയം ഉണ്ടാകും.

## വാണിജ്യ ബാങ്കുകൾ

**44. സ്റ്റാൻഡ് അപ് ഇൻഡ്യ –** 10 ലക്ഷം മുതൽ 1 കോടി വരെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോൺ നൽകുന്നു. വനിതകൾ, എസ് സി, എസ് ടി വിഭാഗങ്ങളിൽപ്പെടുന്നവർക്കാണ് ഈ ലോൺ ലഭ്യമാവുക.

**45. മുദ്ര** –മൈക്രോയൂണിറ്റ് ഡവലപ്മെൻറ് & റി ഫിനാൻസിങ് ഏജൻസി എന്ന മുദ്രയിൽ (MUDRA) പത്ത് ലക്ഷം വരെയുള്ള വായ്പയാണ് അനുവദിക്കുന്നത്. എല്ലാ ബാങ്കുകളിൽ നിന്നും ആണ് ഇത് ലഭ്യമാവുക. 50,000 രൂപ വരെയുള്ള വായ്പയെ ശിശു എന്നും 5 ലക്ഷം രൂപ വരെയുള്ള വായ്പയെ കിഷോർ എന്നും 10 ലക്ഷം രൂപ വരെയുള്ള വായ്പയെ തരുൺ എന്നും പറയുന്നു. ഈ വായ്പകൾക്ക് ഈട് ആവശ്യമില്ല.

## 46. PM Street Vendor's AtmaNirbhar Nidhi (PM SVANidhi)

**തെരുവ് കച്ചവടക്കാർക്ക് പ്രവർത്തന മൂലധന വായ്പ നൽകി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്.പ്രസ്തുത കച്ചവടക്കാർക്ക് ആദ്യ ഘട്ട പ്രവർത്തന മൂലധനമായി 10,000 രൂപ ഒരു വർഷത്തെ തിരിച്ചടവ് കാലാവധിയിൽ വായ്പ നൽകുന്നു. കൃത്യമായ തിരിച്ചടവ് നടത്തുന്ന വർക്ക് ഒരു വർഷത്തിന് ശേഷം പ്രവർത്തന മൂലധനത്തിന്റെ പരിധി ഉയർത്തി കൂടുതൽ തുക വായ്പ നൽകുന്നതാണ്. ഈ വായ്പയിന്മേൽ 7% പലിശ സബ്സിഡി ലഭ്യമാകുന്നതാണ്.**

## 47. Deendayal Antyodaya Yojana-
## National Urban Livelihoods Mission (DAY NULM)

**നഗരപ്രദേശങ്ങളിലെ കുടുംബങ്ങളുടെ ദാരിദ്ര്യവും ദുർബലതയും കുറയ്ക്കുന്നതിന്, അവർക്ക് ലാഭകരമായ സ്വയം തൊഴിലിനും, വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾ പ്രാപ്തമാക്കാനും അവരുടെ ഉപജീവനമാർഗത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാനും സഹായിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. നഗര പ്രദേശങ്ങളിൽ തുടങ്ങുന്ന തെരുവ് കച്ചവടം ഉൾപ്പെടെയുള്ള വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങൾക്കും, ഗ്രൂപ്പ് സംരംഭങ്ങൾ (SHGs)ക്കും ഈ പദ്ധതി വഴി അപേക്ഷ നൽകാം. വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി പദ്ധതി ചെലവ് 2 ലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി പദ്ധതി ചെലവ് 10 ലക്ഷം രൂപയും ആയിരിക്കണം. ഈ പദ്ധതി പ്രകാരം, വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് കീഴിൽ അനുവദിക്കുന്ന ടേം ലോണുകൾക്ക് 7% ത്തിൽ കൂടുതൽ ബാങ്കുകൾ ഈടാക്കുന്ന പലിശ സബ്സിഡിയായി ലഭിക്കുന്നതാണ്. കൃത്യമായി ലോൺ തിരിച്ചടവ് നടത്തുന്നവർക്കാണ് പലിശ സബ്സിഡി ലഭിക്കുന്നത്. കൃത്യമായ തിരിച്ചടവ് നടത്തുന്ന വനിതാ SHG കൾക്ക് 3% അധിക പലിശ സബ്സിഡിയും ലഭിക്കുന്നതാണ്.**

## 48. Agri-Clinics and Agri Business Centres' Scheme (ACABC)

**കേന്ദ്ര കൃഷി മന്ത്രാലയം, കർഷക ക്ഷേമ മന്ത്രാലയം എന്നിവ നബാർ**

ഡുമായി സഹകരിച്ച് രാജ്യത്തുടനീളമുള്ള ഓരോ കർഷകരിലേക്കും മികച്ച കൃഷിരീതികൾ എത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്.കാർഷിക ബിരുദധാരികളുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു. പ്രസ്തുത യോഗ്യതയുള്ളവർക്ക് സ്വന്തമായി ഒരു അഗ്രിക്ലിനിക് അല്ലെങ്കിൽ അഗ്രിബിസിനസ് സെന്റർ സ്ഥാപിക്കുന്നതിനും അതുവഴി കർഷകർക്ക് പ്രൊഫഷണൽ എക്സ്റ്റൻഷൻ സേവനങ്ങൾ നൽകുന്നതിനും കഴിയും.

## 49. Agriculture Marketing Infrastrucure

കേന്ദ്ര കൃഷി മന്ത്രാലയം, കർഷക ക്ഷേമ മന്ത്രാലയം എന്നിവ നബാർഡുമായി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതി വഴി കാർഷിക ഉൽപ്പന്നങ്ങളുടെ വിപണിക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്തിനും അത് വഴി ഗ്രാമീണ മാർക്കറ്റുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, മറ്റ് യോഗ്യരായ പ്രൊമോട്ടർമാർ എന്നിവർ വഴി ആരംഭിക്കുന്ന റീട്ടെയിൽ മാർക്കറ്റുകൾ, ശേഖരണം/അഗ്രഗേഷൻ പോയിന്റുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. അർഹതയുള്ള മാർക്കറ്റിങ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾക്ക് 25% മുതൽ 33.33% ബാക്ക്-എൻഡ് മൂലധന സബ്സിഡി നബാർഡ് വഴിയും നബാർഡ് റീഫിനാൻസ് ചെയ്യുന്ന ബാങ്കുകൾ വഴിയും ലഭിക്കുന്നു.

## 50. Agriculture Infrastructure Fund

കേന്ദ്ര കൃഷി മന്ത്രാലയം, കർഷക ക്ഷേമ മന്ത്രാലയം എന്നിവ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.പോസ്റ്റ് ഹാർവെസ്റ് ഇൻഫ്രാസ്ട്രക്ചർ, കമ്മ്യൂണിറ്റി ഫാമിംഗ് അസ്സറ്റുകൾ എന്നിവയ്ക്കായി പലിശ ഇളവിലൂടെയും സാമ്പത്തിക പിന്തുണയിലൂടെയും പ്രായോഗിക പദ്ധതികൾ ആരംഭിക്കുന്നതിനു ഇടക്കാല-ദീർഘകാല ലോൺ ഈ പദ്ധതി വഴി ലഭിക്കുന്നു. ഈ പദ്ധതി വഴിയുള്ള വായ്പകളിൻമേൽ പ്രതിവർഷം 3% പലിശയിളവ് എന്ന നിരക്കിൽ ഏഴ് വർഷത്തേക്ക് പരമാവധി ഒരു പരിധി 2 കോടി വരെ സബ്സിഡി ലഭ്യമാകുന്നു.

# Department for Promotion of Industry and Internal Trade

**51. സ്റ്റാർട്ട് അപ് ഇന്ത്യ–** സംരംഭകാശയ രൂപവൽക്കരണത്തിനും പ്രോട്ടോ ടൈപ്പ് നിർമ്മിക്കുന്നതിനുമായിട്ട് പരമാവധി 20 ലക്ഷം വരെ ഗ്രാൻറായി നൽകും. ഉൽപ്പന്നത്തിന് വിപണി കണ്ടെത്തുന്നതിന് പരമാവധി 50 ലക്ഷം വരെ ഗ്രാൻറായി നൽകും.

## KERALA BANK

**52. കെ ബി മിത്ര എം എസ് എം ഇ ലോൺ –** പ്രൊപ്പൈറ്ററി ആയിട്ടുള്ള സംരംഭങ്ങൾക്ക് 60 ലക്ഷം രൂപ വരേയും അല്ലാതുള്ളവയ്ക്ക് ഒരു കോടി രൂപ വരേയും വായ്പ ലഭിക്കും.

**53. കെ ബി സുവിധ എം എസ് എം ഇ –**ചെറുകിട കച്ചവടക്കാർക്കും ദിവസ വരുമാനക്കാർക്കും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വൈവിധ്യ വൽക്കരണത്തിനുമായി 10 ലക്ഷം രൂപ വരേയും വായ്പ അനുവദിക്കും

## National Small Industries Corporation (NSIC)

54. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് 180 ദിവസത്തെ ക്രെഡിറ്റ് ഫസിലിറ്റി ബാങ്ക് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ നൽകുന്നു.

# വനിതാ വികസന കോർപ്പറേഷൻ

**55. സ്വയം സഹായ സംഘങ്ങൾക്കുള്ള മൈക്രോ ഫിനാൻസിംഗ് പദ്ധതി**

- പരമാവധി ലോൺ 10 ലക്ഷം.
- നിയമപരമായി രജിസ്റ്റർ ചെയ്ത SHG ആയിരിക്കണം .
- പലിശ 6%
- വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 98000 രൂപയും , നഗര പ്രദേശങ്ങളിൽ 120000 രൂപയും ആയിരിക്കണം
- പ്രായ പരിധി 18-55

**56. മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി**

- പരമാവധി ലോൺ 3 ലക്ഷം.
- പദ്ധതി തുകയുടെ 5% ഗുണഭോക്താവ് എടുത്തിരിക്കണം .
- പലിശ 6%

- വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 81000 രൂപയും , നഗര പ്രദേശങ്ങളിൽ 103000രൂപയും ആയിരിക്കണം.
- പ്രായ പരിധി 18-55
- തിരിച്ചടവ് കാലാവധി 5 വർഷം

## ക്ഷീര വികസന വകുപ്പ്

**57. തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം :** വ്യവസായിക അടിസ്ഥാനത്തിൽ തീറ്റ പ്പുൽ കൃഷി നടത്തുന്നതിനു ഹെക്ടറിനു 350 00 0 രൂപ വരെ ധന സഹായം നൽകുന്ന പദ്ധതിയാണിത്

**58. കറവപ്പശു യൂണിറ്റ്:** 1 പശു: 2 പശു , 5 പശു , 10 പശു എന്നീ തരത്തിൽ യുണിറ്റുകൾ ആരംഭിക്കുന്നതിന് യഥാക്രമം 24800,50000,110000 ,230000 രൂപഎന്നീ നിരക്കിൽ ധന്നസഹയമം നൽകുന്നു.

**59. കിടാരി വളർത്തൽ യൂണിറ്റ്** 5/10 വീത കിടാരികളുള്ള യുണിറ്റ് ആരംഭിക്കുന്നതിനു യഥാക്രമം 90500,181200 എന്നീ നിരക്കിൽ ധന സഹായം നൽകുന്നു.

## സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

**60.** കാർഷിക ഉത്പന്നങ്ങൾ സംസ്കരിക്കുന്നതിനും തരംതിരിക്കുന്നതിനും പാക്കിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം, വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വായ്പാബന്ധിത ധനസഹായം നൽകി വരുന്നു.

| ക്രമ നം. | പദ്ധതി ഘടകം | പരമാവധി ചിലവ് | ധനസഹായം | |
|---|---|---|---|---|
| | | | സമതല പ്രദേശം | മലയോര പ്രദേശം |
| സംയോജിത വിളവെടിപ്പാനന്തര പരിപാലനം | | | | |
| 1 | പാക്ക് ഹൗസ്/ ഓൺ ഫാം കളക്ഷൻ യൂണിറ്റ് | 4 ലക്ഷം രൂപ/ യൂണിറ്റ് (9 മീറ്റർ * 6 മീറ്റർ) | 2 ലക്ഷം രൂപ (50 %) | |

| | | | | |
|---|---|---|---|---|
| 2 | സംയോജിത പായ്ക്ക് ഹൗസ് | 50 ലക്ഷം രൂപ/ യൂണിറ്റ് (9 മീറ്റർ * 18 മീറ്റർ) | 17.5 ലക്ഷം രൂപ(35 %) | 25 ലക്ഷം രൂപ (50 %) |
| 3 | പ്രീകൂളിംഗ് യൂണിറ്റ് | 25 ലക്ഷം രൂപ/ യൂണിറ്റ് (6 മെ. ടൺ സംഭരണ ശേഷി) | 8.75 ലക്ഷം രൂപ(35 %) | 12.5 ലക്ഷം രൂപ (50 %) |
| 4 | കോൾഡ് റൂം | 15 ലക്ഷം രൂപ/ യൂണിറ്റ് (30 മെ. ടൺ സംഭരണ ശേഷി) | 5.25 ലക്ഷം രൂപ(35 %) | 7.5 ലക്ഷം രൂപ (50 %) |
| 5 | മൊബൈൽ പ്രീകൂളിം ഗ് യൂണിറ്റ് | 25 ലക്ഷം രൂപ/ യൂണിറ്റ് | 8.75 ലക്ഷം രൂപ(35 %) | 12.5 ലക്ഷം രൂപ (50 %) |
| 6 | റൈപ്പനിംഗ് ചേമ്പർ | 1 ലക്ഷം രൂപ/ യൂണിറ്റ് | 0.35 ലക്ഷം രൂപ(35 %) | 0.50 ലക്ഷം രൂപ (50 %) |
| 7 | പുതിയ പ്രിസർവേ ഷൻ യൂണിറ്റ് | 2 ലക്ഷം രൂപ/ യൂണിറ്റ് | 1 ലക്ഷം രൂപ | |
| 8 | പ്രിസർവേഷൻ യൂണിറ്റ് – അപ്ഗ്രഡേ ഷൻ | 1 ലക്ഷം രൂപ/ യൂണിറ്റ് | 0.5 ലക്ഷം രൂപ (50 %) | |
| 9 | കോൾഡ് സ്റ്റോറേജ് (ടൈപ്പ് -1) | 0.08 ലക്ഷം രൂപ/യൂണിറ്റ് ( പരമാവധി 5000 മെ. ടൺ സംഭരണ ശേഷി) | 0.028 ലക്ഷം/ മെ. ടൺ (35 %) | 0.04 ലക്ഷം / മെ. ടൺ (50 %) |
| 10 | കോൾഡ് സ്റ്റോറേജ് (ടൈപ്പ് -2) | 0.10 ലക്ഷം രൂപ/യൂണിറ്റ് ( പരമാവധി 5000 മെ. ടൺ സംഭരണ ശേഷി) | 0.035 ലക്ഷം/ മെ. ടൺ (35 %) | 0.050 ലക്ഷം /മെ. ടൺ (50 %) |

| | | | | |
|---|---|---|---|---|
| 11 | റീഫർ വാൻ | 26 ലക്ഷം രൂപ/ യൂണിറ്റ് (9 മെ. ടൺ സംഭരണ ശേഷി) | 9.1 ലക്ഷം രൂപ (35 %) | 13 ലക്ഷം രൂപ (50 %) |
| 12 | പ്രൈമറി/മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് | 25 ലക്ഷം രൂപ/ യൂണിറ്റ് | 10 ലക്ഷം രൂപ (40 %) | 13.75 ലക്ഷം രൂപ (55 %) |
| വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം | | | | |
| 13 | ഗ്രാമീണ വിപണി | 25 ലക്ഷം രൂപ/ യൂണിറ്റ് | 10 ലക്ഷം രൂപ (40 %) | 13.75 ലക്ഷം രൂപ (55 %) |
| 14 | ചില്ലറ വിൽപ്പനശാല | 15 ലക്ഷം രൂപ/ യൂണിറ്റ് | 5.25 ലക്ഷം രൂപ (35 %) | 7.50 ലക്ഷം രൂപ (50 %) |
| 15 | സ്റ്റാറ്റിക്/മൊബൈൽ വെന്റിംഗ് കാർട്ട്/ പ്ലാറ്റ്ഫോമോടുകൂടിയ കൂൾ ചേമ്പർ | 0.30 ലക്ഷം രൂപ/യൂണിറ്റ് | 0.15 ലക്ഷം രൂപ (50 %) | |
| 16 | സംഭരണം, തരംതി രിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനം | 15 ലക്ഷം രൂപ/ യൂണിറ്റ് | 6 ലക്ഷം രൂപ (40 %) | 8.25 ലക്ഷം രൂപ (55 %) |

**പഞ്ചായത്ത്, സഹകരണസ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ/ട്രസ്റ്റുകൾ, പബ്ലിക് ലിമിറ്റഡ് കമ്പനികൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയ്ക്ക് വായ്പാബന്ധിത ധനസഹായം എന്ന നിബന്ധന ബാധകമല്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ധനസഹായത്തിന് പുറമേ ആവശ്യമായ പദ്ധതി തുക അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.**

# സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്

**61. സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി പദ്ധത് ചിലവ് (യൂണിറ്റ് ഒന്നിന്) | യോഗ്യത | ഗുണഭോക്തൃ വിഹിതം | ധനസഹായം (ഗ്രാന്റ്) |
|---|---|---|---|---|---|
| **1.** | ഗോട്ട് സാറ്റലൈറ്റ് പദ്ധത് (ആടു വളർത്തൽ) (5 പെണ്ണാടും ഒരു മുട്ടനാടുമടങ്ങുന്ന യൂണിറ്റ്) | **50,000/-** രൂപ | ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വകുപ്പിന്റെ പരിശീലനം ലഭിച്ചവർക്കും മുൻഗണന മൃഗസംരക്ഷണ വകുപ്പിന്റെ കർഷക രജിസ്ട്രേഷൻ ഉണ്ടായിരിക്കണം | **25,000/-** രൂപ | **25,000/-** രൂപ |
| **2.** | വ്യവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ (കമ്മേർഷ്യൽ ഗോട്ടറി യൂണിറ്റ്) (19 പെണ്ണാടും 1 മുട്ടനാടും) | **2,80,000/-** രൂപ | 50 സെന്റ് സ്ഥലമായോ പാട്ടത്തിലോ ഉണ്ടായിരിക്കണം. ആടു വളർത്തലിൽ പരിചയവും വകുപ്പിന്റെ പരിശീലനം ലഭിച്ചവർക്കും മുൻഗണന വകുപ്പിന്റെ കീഴിലുള്ള കർഷക രജിസ്ട്രേഷൻ ഉണ്ടായിരിക്കണം | **1,80,000/-** രൂപ | **1,00,000/-** രൂപ |
| **3.** | മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി (ഒരു ഗുണഭോക്താവിന് 1 മൂരി കുട്ടി) | **10,000/-** രൂപ | വകുപ്പിന്റെ കർഷക രജിസ്ട്രേഷൻ ഉണ്ടായിരിക്കണം | - | **10,000/-** രൂപ |
| **4.** | താറാവ് വളർത്തൽ പദ്ധതി (ഒരു യൂണിറ്റിന് 10 താറാകുഞ്ഞുങ്ങൾ) | **2,700/-** രൂപ | താറാവ് വളർത്തലിന് അനുയോജ്യമായ സ്ഥലവും സൗകര്യങ്ങളുമുള്ള കർഷകർ | **1500** രൂപ | **1200 /-** രൂപ |

# സംസ്ഥാന ഫിഷറീസ് വകുപ്പ്

**62.** സംസ്ഥാന ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി പദ്ധത് ചിലവ് | ഗുണഭോക്തൃ വിഹിതം (രൂപ) | ധനസഹായം (ഗ്രാന്റ്) (രൂപ) |
|---|---|---|---|---|
| 1. | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി | 1.23 ലക്ഷം | 73800 | 49200 |
| 2. | ബയോഫ്ലോക്ക് മത്സ്യ കൃഷി | 1.38 ലക്ഷം | 82800 | 55200 |
| 3. | കുളത്തിലെ കരിമീൻ കൃഷി | 1.50 ലക്ഷം | 90000 | 60000 |
| 4. | കൂട്ടിലെ മത്സ്യ കൃഷി | 3.5 ലക്ഷം | 210000 | 14000 |

**63.** സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | പരമാവധി പദ്ധതി ചെലവ് | യോഗ്യത | ഗുണഭോക്തൃ വിഹിതം | ധന സഹായം (ഗ്രാന്റ്) |
|---|---|---|---|---|---|
| 1 | തീരമൈത്രി – ചെറുകിട സംരംഭങ്ങളുടെ വികസനം | 5 ലക്ഷം | സാഫിന്റെ പ്രവർത്തക ഗ്രൂപ്പുകളായി മാറിയ മത്സ്യ തൊഴിലാളി സ്ത്രീകൾ | 0.25 ലക്ഷം | 3.75 ലക്ഷം |
| 2 | പലിശ രഹിത ചാക്രിക മൂലധന സഹായം (പലിശ രഹിത വായ്പ) | Rs 25,000 to 50,000 and Rs 1 lakh for Super markets | തീരമൈത്രി പദ്ധതിയിലൂടെ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ | - | - |

| | | | | | |
|---|---|---|---|---|---|
| 3 | സാങ്കേതിക വിദ്യാ നവീക രണ പദ്ധതി | Rs 50,000 | തീരമൈത്രി പദ്ധതിയിലൂ ടെ പ്രവർ ത്തിക്കുന്ന ഗ്രൂപ്പുകൾ | - | Rs 50,000 |
| 4 | ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ് ഗ്രൂപ്പുകളായി ഉയർത്തു ന്ന പദ്ധതി (5% പലിശ സബ്സിഡി) | Rs 500,000 | തീരമൈത്രി പദ്ധതിയിലൂ ടെ പ്രവർ ത്തിക്കുന്ന ഗ്രൂപ്പുകൾ | | |

- -

**പദ്ധതികളുമായി ബന്ധപ്പെട്ട സംരംഭകർക്ക് ഉണ്ടാകാനിടയുള്ള സംശയങ്ങൾ**

1. **വായ്പ എടുത്ത് വർക്ക് ഷോപ്പ് തുടങ്ങാൻ ആഗ്രഹിക്കുന്നു എന്റെ കയ്യിൽ മുതൽ മുടക്കാൻ തുക തീരെ കുറവാണ് . പദ്ധതിക്ക് ഏകദേശം 8 ലക്ഷം രൂപ ചെലവ് വരും എനിക്ക് ഏത് പദ്ധതിയാണ് അനുയോജ്യം ?**

   5 മുതൽ 10 ശതമാനം വരെ ഗുണഭോക്തൃവിഹിതം മാത്രം ആവശ്യമുള്ള PMEGPപദ്ധതിയുടെ സഹായം ലഭിക്കും

2. **പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് സ്വയം തൊഴിൽ പദ്ധതികൾക്ക് എവിടെ നിന്നാണ് സഹായം ലഭിക്കുക?**

   പട്ടിക ജാതി വികസനവക്പ്പ്,പട്ടികജാതി/പട്ടിക വർഗ വകുപ് തുടങ്ങിയവയുടെ സ്വയം തൊഴിൽ പദ്ധതികളുടെ സഹായം ലഭിക്കും കൂടുതൽ ധന സഹായം ആവശ്യമുണ്ടെങ്കിൽ മറ്റ് പദ്ധതികളും പ്രയോജനപ്പെടുത്താം

3. **തിരിച്ചു വന്ന പ്രവാസിയായ എനിക്ക് ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങാൻ സഹായം ലഭിക്കുന്ന എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ ?**

   NORKA യുടെ NDPREM പദ്ധതി, പ്രവാസി ഭദ്രത മെഗാ എന്നീ പദ്ധതികളുടെ സഹായം ലഭ്യമാകും

4. **വീടിനോട് ചേർന്ന് അഞ്ചു ലക്ഷത്തിൽ താഴെ മുതൽ മുടക്കിൽ ഒരു പലഹാര നിർമാണ യുണിറ്റ് തുടങ്ങാൻ എന്തെങ്കിലും സഹായം ലഭിക്കുമോ ?**

   **വ്യവസായ വകുപ്പിന്റെ മാർജിൻ മണി ഗ്രാൻറ് ടു നാനോ പദ്ധതി, കുടുംബശ്രീ പദ്ധതികൾ ഇവ പ്രയോജനപ്പെടുത്താം.**

## ബന്ധപ്പെടേണ്ട പ്രധാന ഫോൺ നമ്പറുകൾ

<table>
<tr><th colspan="4">വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</th></tr>
<tr><td colspan="2">മേൽവിലാസം</td><td>ഇ-മെയിൽ</td><td>നമ്പർ</td></tr>
<tr><td colspan="2">ഡയറക്ടർ<br>വ്യവസായ വാണിജ്യ<br>ഡയറക്ടറുടെ കാര്യാലയം, മൂന്നാം നില<br>വികാസ് ഭവൻ പി ഒ<br>തിരുവനന്തപുരം – 695 033</td><td>industriesdirectorate@gmail.com</td><td>91 471 2302774</td></tr>
<tr><th colspan="4">ജില്ലാ വ്യവസായ കേന്ദ്രം</th></tr>
<tr><th>ജില്ല</th><th>വിലാസം</th><th>ഇ-മെയിൽ</th><th>ഫോൺ</th></tr>
<tr><td>കാസർഗോഡ്</td><td>ജനറൽ മാനേജർ<br>ജില്ലാ വ്യവസായ കേന്ദ്രം<br>വിദ്യാനഗർ. പി. ഒ<br>കാസർഗോഡ്</td><td>gmdicksd@gmail.com</td><td>9188127014</td></tr>
<tr><th colspan="4">താലൂക്ക് വ്യവസായ ഓഫീസുകൾ</th></tr>
<tr><th>താലൂക്ക്</th><th>വിലാസം</th><th>ഇ-മെയിൽ</th><th>ഫോൺ</th></tr>
<tr><th colspan="4">കാസർഗോഡ്</th></tr>
<tr><td>കാസർഗോഡ്</td><td>ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം ബിൽഡിംഗ്, വിദ്യാനഗർ. പി. ഒ, കാസർഗോഡ് – 671 123</td><td>adioksd@gmail.com</td><td>0499-4256110</td></tr>
<tr><td>ഹോസ്ദുർഗ്</td><td>ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ഹോസ്ദുർഗ്</td><td>adiohosdurg@gmail.com</td><td>0467-2209490</td></tr>
</table>

## വ്യവസായ വികസന ഓഫീസർമാർ

| Kassaragod | | |
|---|---|---|
| **Taluk** | **Block** | **Mobile number** |
| Hosdurg | Kanjangad Municipality | 9188127206 |
| Hosdurg | Neeleswaram | 9188127207 |
| Kasaragod | Kasaragod Municipality | 9188127208 |
| Kasaragod | Kasaragod | 9188127209 |
| Kasaragod | Manjeswaram | 9188127210 |
| Hosdurg | Parappa | 9188127211 |
| Kasaragod | Karadukka | 9188127212 |